
# പെൺമൊഴി



സെന്റ് മേരീസ് ജിഎച്ച് എസ് കാഞ്ഞിരപ്പള്ളി

# പെൺമൊഴി

ഡിജിറ്റൽ മാഗസിൻ

LK/2018/32035

# ആമുഖം

എല്ലാം ഡിജിറ്റലാകുന്ന ഈ
കാലഘട്ടത്തിൽ കാലഹരണപ്പെട്ട്
പൊയ്ക്കൊണ്ടിരിക്കുന്ന കൈയ്യെഴുത്തു
മാസികകൾക്ക് ഒരു നവയുഗം
സാധ്യമാക്കിയ ഡിജിറ്റൽ
മാഗസിനുകൾ വായനയുടെ ഒരു
പുതുവസന്തം തീർക്കുമെന്നത്
ഉറപ്പാണ്.സർഗ്ഗാത്മക സൃഷ്ടികളുടെ
വളർച്ചക്ക് സ്ക്കൂളുകൾ സ്വന്തമായി
തയാറാക്കുന്ന ഡിജിറ്റൽ
മാഗസിനുകൾ പുതുവെളിച്ചം
പകരുന്നു. പുതുതലമുറയെ
എഴുത്തിന്റയും വായനയുടെയും
പുതുസാഹസസംരംഭകരാക്കുവാൻ
ഇത്തരം  മാഗസിനുകൾക്ക്
സാധിക്കും. എഴുത്തിന്റെയും
വായനയുടെയും വാതായനങ്ങൾ
തുറന്ന് പിടിച്ച്, അക്ഷരത്തിന്റയും
അറിവിന്റെയും വിസ്മയങ്ങൾ
തീർത്ത്, അക്ഷരത്തിന്റെ
പടപ്പോരാളികളാകുവാനുള്ള വഴി
പുതു തലമുറ വെട്ടിതുറക്കട്ടെ .
അറിവിന്റെ നറുവിസ്മയങ്ങൾ
തീർക്കട്ടെ,...................
അക്ഷരങ്ങളുടെ
സംരക്ഷകരാകട്ടെ...................

# എഡിറ്റോറിയൽ

അക്ഷരങ്ങളാലും അക്കങ്ങളാലും
വിസ്മയങ്ങൾ തീർക്കുന്ന
വിദ്യാലയകാലഘട്ടത്തിന്റ
നറുഓർമ്മകൾ നിറഞ്ഞുനിൽക്കുന്ന
ഉപഹാരസമർപ്പണമാണിത് .
സമസ്തവും ഡിജിറ്റൽ ആയതോടെ
വായനയും അധ്യാപനവും
അധ്യയനവുമെല്ലാം
അതിന്റ പൂർണതയിൽ എത്താതെ
പോകുന്നു
എന്ന ആക്ഷേപങ്ങൾ
നിരർഥകമാണെന്ന്
ഇതിലെ ഓരോ രചനയും നമ്മോടു
പറയുന്നു .
മാറുന്ന കാലഘട്ടത്തിനൊപ്പം
മാറാൻ പുതുതലമുറയെ പ്രാപ്തമാക്കുക
എന്ന ഉദ്ദേശത്തിന്റെ
ജൈത്രയാത്ര
തുടർന്നുകൊണ്ടുപോവുകയാണ്
ഈ ഡിജിറ്റൽ മാഗസിനിലൂടെ..........

എഡിറ്റോറിയൽ ബോർഡ്



# ഇത് പെൺമയുടെ വിജയം

കാഞ്ഞിരപ്പള്ളി സെന്റ് . മേരീസ് ഗേൾസ് ഹൈസ്കൂളിലെ പെൺകുട്ടികളുടെ ഭാവന ഇതൾ വിരിഞ്ഞ വർണ്ണവിസ്മയമാണ് ' പെൺമൊഴി '. ആധുനിക സമൂഹത്തിൽ സ്ത്രീത്വത്തിന്റെ തനിമ വരകളായി വർണ്ണങ്ങളായി ഈ കൈയ്യെഴുത്തുമാസികയിൽ വിരിയുന്നു. കൗമാരഭാവനയുടെ തൂവൽ സ്പർശമായി മാറുകയാണ് ഇതിലെ രചനകളോരോന്നും. അതൊരു ഡിജിറ്റൽ മാഗസിൻ ആകുമ്പോൾ സാങ്കേതികത്വത്തിന്റെ മാസ്മരികതയും ഇവിടെ ഒന്നിക്കുന്നു. മനോഹരമായ ഈ ഡിജിറ്റൽ മാഗസിന് സെന്റ് മേരീസ് കുടുംബത്തിന്റെ എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

സ്നേഹത്തോടെ

നിങ്ങളുടെ സ്വന്തം ഹെഡ്മിസ്ട്രസ്

മിനിമോൾ ജോസഫ്



# ആശംസ

സെന്റ് മേരീസിലെ കൗമാരപ്രതിഭകളുടെ
സ്വർഗ്ഗശക്തിക്ക് രുപവും ഭാവവും പകർന്നുകൊണ്ട് ഒരിക്കൽ
ക്രൂടി കലാവിരുന്ന് ഒരുക്കിയിരിക്കുന്നു.....'
പെൺമൊഴി'

ഈ വിരുന്നിന്   ആസ്വാദ്യകരമായ വിഭവങ്ങൾ
തയ്യാറാക്കിയവർ
ഏറെയുണ്ട്........വർണ്ണങ്ങളായി....വരകളായി....
അക്ഷരങ്ങളായി....ആശയങ്ങളായി......കഥയായി....
കവിതയായി.....ലേഖനങ്ങളായി.....ചിരിക്കാൻ....ചിന്തിക്കാൻ....
..അറിയാൻ.....ആസ്വദിക്കാൻ......
മുന്നിലും പിന്നിലും ക്രൂടെയും നിന്നവർ ഏറെയാണ്
"ഒരുമയുടെ ഈ വർണ്ണപ്പൊലിമ"

സെന്റ് മേരീസ് കലാക്ഷേത്രത്തിന്
ഒരു പൊൻവിളക്കാകട്ടെ
അനുമോദനങ്ങൾ......ആശംസകൾ......

ലോക്കൽ മാനേജർ

സി.സലോമി

# ആശംസ




കൗമാരസ്വപ്നങ്ങൾ , ഭാവനകൾ
ചിറകുവിടർത്തിയ പെൺമൊഴി ...
കാഞ്ഞിരപ്പള്ളി സെന്റ് മേരീസ് ഗേൾസ്
ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ്
അംഗങ്ങളുടെ നേതൃത്വത്തിൽ
തയാറാക്കിയ ,ഈ ഡിജിറ്റൽ മാഗസിന് ,
എല്ലാവിധ അഭിനന്ദനങ്ങളും ആശംസകളും
നേർന്നുകൊള്ളുന്നു.

സ്നേഹത്തോടെ .......

നിങ്ങളുടെ സ്വന്തം

ഷൈനി സെബാസ്റ്റ്യൻ

# യാത്രാ മംഗളങ്ങൾ

നീണ്ട കാലത്തെ അദ്ധ്യാപന ജീവിതത്തിനു ശേഷം വിരമിക്കുന്ന ഞങ്ങളുടെ പ്രിയപ്പെട്ട ഹെഡ്മിസ്ട്രസ് മിനി ടീച്ചറിനും അദ്ധ്യാപകരായ ഷൈനി ടീച്ചറിനും ഡോണാ സിസ്റ്ററിനും സെന്റ് മേരീസ് കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ യാത്രാ മംഗളങ്ങൾ



# EDITORIAL BOARD

**CHEIF EDITOR**

Minimol Joseph (Head Mistress)

**KITE MISTRESS**

Mariamma Scaria (Sanu Tr.)
Sr. Bindhu Mathew (Sr.Liza)

**STUDENT EDITORS**

Hanna Saji
Irene Joseph
Aimy Therese Tony
Devika Ajith
Fidha Fathima
Hanna Sainab Rafi
Manha Siyad
Maiba Maju
Ann Maria Shibu
Aleena Siji
Aslaha Mikdad
Josmy Joseph
Reshmi A.S
&
Little kites Members

Avanthika Sreekand
Amalu Sunil
Rupasree PR
Ann Maria Jose
Aparna K Pradeep
Emin Jiju
Diya Jose
AthirabAnilkumar
Fiza Fathima
Cinta Rose Jojo
Helan
Axa Anna

# Works in Progress





















# OUR LITTLE KITES TEAM

















# OUR RESOURCE TEAM



ST. MARY'S G.H.S, KANJIRAPPALLY 2023 - 2024

# താളുകൾ മറിയുമ്പോൾ


1. പ്രിയ വിക്ടർ നിനക്കായ്  (കവിത)
2. ലിറ്റിൽ കൈറ്റ്സ് (ലേഖനം )
3. Beauty of Nature
4. हम बच्चे
5. ഡിജിറ്റൽ യുഗത്തിൽ വായനയുടെ പ്രസക്തി
6. ലഹരിക്കെണിയും കൗമാരവും
7. Dignity of labour
8. എത്ര മനോഹരം
9. സ്കൗട്ട് ആൻഡ് ഗൈഡ്
10. S P C
11. മാതൃഭാഷാ പഠനത്തിന്റെ പ്രാധാന്യം
12. വീണ്ടും തനിയെ
13. നിഴൽ
14. Mother
15. Ozone
16. J R C
17. രുദ്രാഗ്നി
18. ഓർമകൾ
19. Save the Blue Planet
20. I'm Breathing still now
21. ക്രോധം പരിത്യജിക്കണം
22. കവിത
23. പീലി
24. പറന്നകലുന്ന മലയാളി യുവത്വം
25. വിലാപം
26. പ്രകൃതി
27. ദി കിഡ് ചാർളി ചാപ്ലിൻ
28. ഞാൻ ലഹരിയല്ല നാശമാണ്
29. ഞങ്ങളുടെ സ്കൂൾ വാർഷികം
30. मेरी माँ
31. Quotes
32. My Destiny
32. മഴ
33. നന്ദി
34. ഉപസംഹാരം

# പ്രിയ വിക്ടർ നിനക്കായ്

മഴയില്ല , വെയിലില്ല
കയ്യിലൊരു ക്യാമറ കണ്ണുമാത്രം
നിന്റെ ഫിലിമിൽ പതിഞ്ഞതത്രയും
പ്രകൃതി തൻ ലാസ്യഭാവങ്ങൾ മത്രം

അലയുകയായിരുന്നോ ,അലിയുകയായിരുന്നോ
അതോ അലിഞ്ഞില്ലാതാവുകയായിരുന്നോ ...........
പ്രിയ വിക്ടർ , നിനക്കു തുല്യം ചാർത്താൻ
ആളൊരാളില്ല , നിനക്ക് പകരം വയ്ക്കാൻ

പ്രകൃതി പോലും കൊതിച്ചിട്ടുണ്ടാവും നിന്റെ
വികൃതി ചെപ്പൊപ്പിയ ഭാവത്തെ അതു
തന്നെയാവും ആ മലവെള്ളപ്പാച്ചിൽ
കവർന്നെടുത്ത നിൻ പൊന്നുജീവനെ

നീ കാണിച്ച ലോകമിന്നകെ മാറി
പ്രകൃതിദുരന്തങ്ങൾ തുടർക്കഥകൾ
'ലൈവിന്റെ ലോകമാണിന്നു മുന്നിൽ
കൺമുന്നിലതത്രയും ' ഡെത്ത് ' മാത്രം

ആൻ മരിയ

# ലിറ്റിൽ കൈറ്റ്സ്

കാഞ്ഞിരപ്പള്ളി സെന്റ് മേരീസ് ഗേൾസ് ഹൈ സ്ക്കൂൾ ലിറ്റിൽ കൈറ്റ്സ് പ്രവർത്തങ്ങൾ വളരെ മനോഹരമായി നടന്നു വരുന്നു. ഐ ടി ക്ലബ് എന്ന പേരിൽ ആരംഭിച്ച ക്ലബ് 2016 അധ്യയന വർഷംമുതൽ കുട്ടിക്കൂട്ടം എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങി. ഒരു  വർഷത്തിന് ശേഷം എട്ടാം ക്ലാസ്സിൽ നിന്ന് പ്രത്യേക എൻട്രൻസ് പരീക്ഷ നടത്തി വിജയിച്ച 40 കുട്ടികളെ അംഗങ്ങൾ ആക്കി ലിറ്റിൽ കൈറ്റ്സ് ക്ലബ് രൂപീകരിച്ചു. മലയാളം കമ്പ്യൂട്ടിങ്, സൈബർ സുരക്ഷ, ഹാർഡ്‌വെയർ, ഇലക്ട്രോണിക്സ് എന്നീ വിഷയങ്ങളാണ് ക്ലബ് അംഗങ്ങൾ  പരിശീലിക്കേണ്ടത്.ആദ്യം പൊതുവായി പഠിക്കുകയും പിന്നീട് ഏതെങ്കിലും ഒന്ന് ഐച്ഛികമാക്കുകയും ചെയ്യാം..എല്ലാ ബുധനാഴ്ച്ചകളിലും,അവധി ദിനങ്ങളിലുമാണ് പരിശീലന പരിപാടി സംഘടിപ്പിക്കുന്നത്. ഓണം,ക്രിസ്തുമസ് എന്ന വേളകളിൽ നോൺ-റെസിഡൻഷ്യൽ ക്യാമ്പുകളും നടത്തപ്പെടുന്നു. സ്ക്കൂൾ ഐ ടി ലാബ് പരിപാലനം, സ്മാർട്ട് ക്ലാസ് പരിപാലനം, സ്ക്കൂൾവിക്കി  അപ്ഡേഷൻ എന്നിവയും ക്ലബ് അംഗങ്ങളുടെ ചുമതലയാണ് .

ഐ.ടി ക്ലബ് വിവര സാങ്കേതിക വിദ്യയുടെ എല്ലാ സൗകര്യങ്ങളും നമ്മുടെ സ്ക്കുളിൽ നടപ്പാക്കിയിട്ടുണ്ട്. സേവന താല്പര്യമുള്ള 120 അംഗങ്ങളാണ് ക്ലബ്ബിൽ ഉള്ളത്. ഹൈ സ്ക്കൂളിലെ കുട്ടികൾക്കായി ആരംഭിച്ച ലിറ്റിൽ കൈറ്റ്സ് ക്ലാസ്സിലെ പരിശീലനം വളരെ മികച്ച രീതിയിൽ മുന്നോട്ട് പോകുന്നു. കുട്ടികൾ ക്രിയാത്മകമായ രീതിയിൽ അവരുടെ പ്രതിഭ തെളിയിക്കുകയും ചെയ്യുന്നു. സ്ക്കൂളിലെ എല്ലാ അദ്ധ്യാപകർക്കും ഐ ടി മേഖലയിൽ നല്ല രീതിയിൽ പരിശീലനം കൊടുത്തു വരുന്നു. അദ്ധ്യാപകരായ സിസ്റ്റർ ലിസ,സന്ധ ടീച്ചർ തുടങ്ങിയവർ വേണ്ട  മാർഗനിർദേശങ്ങളും സഹായങ്ങളും നൽകി കുട്ടികളെ സഹായിക്കുന്നു.

മാനുഷിക മൂല്യങ്ങളോടൊപ്പം സാങ്കേതിവിദ്യയിലും മികച്ച നിലവാരം പുലർത്തുന്നതാണ് ഈ പ്രവർത്തനം. വിവരവിനിമയ സാങ്കേതികവിദ്യാരംഗത്ത് കുട്ടികൾ സ്വഭാവികമായി പ്രകടിപ്പിക്കുന്ന താത്പര്യത്തെ പരിപോഷിപ്പിക്കുക, സാങ്കേതിക വിദ്യയും സോഫ്റ്റ്‌വെയറുകളും ഉപയോഗിക്കുമ്പോൾ പാലിക്കേണ്ട മൂല്യങ്ങളും സംസ്കാരവും അവരിൽ സൃഷ്ടിച്ചെടുക്കുക, വിവരവിനിമയ വിദ്യാസങ്കേതങ്ങൾ ആഴത്തിലും പരപ്പിലും സ്വായത്തമാക്കാനുള്ള സാഹചര്യം കുട്ടികൾക്ക് ഒരുക്കുക.  അവ നിർമിക്കപ്പെട്ടതിന്റെ അടിസ്ഥാന ആശയങ്ങളും അവയുടെ പ്രവർത്തനപദ്ധതിയുടെ യുക്തിയും ഘടനയും പരിചയപ്പെടുത്തുക എന്നിവകളാണ് ലിറ്റിൽ കൈറ്റ്സിന്റെ പ്രധാനമായ ലക്ഷ്യങ്ങൾ .



# Beauty of Nature

Jayalakshmi S Pillai

Nature is an endless source of beauty that surrounds us, from the majestic mountains to the serene beaches. The natural world provides us with breathtaking landscapes changing seasons and intricate designs that leaves us in the awe. In this essay we will explore the beauty of the nature and the different ways in manifests itself in our world. The first aspect of nature's beauty is found in its natural landscapes, mountains forests and beaches provide us with some of the most stunning views we can experience. The towering peaks of mountains, the vast expanse of forests and the end lesss stretches of sand on beaches all offer unique sights that leave a lasting impression on us feel same yet significant, while forest transport us to a different world and beaches offer a sense of peace and tranquillity. The natural landscapes of our world are a testament to the beauty and power of nature. Another way nature showcases it beauty is through the changing season. Each season offers its unique charms and beauty from the vibrant colours of autumn to the blooming flowers of spring.

*The crisp air of autumn first snowfall of winter the lush greenery of spring and the warm sun of summer all provides with difference experiences that make us appreciate the beauty of nature The changing season reminds us of the constant cycle of life and the beauty that can be found in every storage. The natural landscapes changing seasons and intricate designs of the natural world all showcases the wonder and complexity of nature. We need to take care of our world and preserve its beauty for generations to come.*

# हम बच्चे

देविका अजित

हम बच्चे हँसते गाते हैं ।

हम आगे बढ़ते जाते हैं ।

पथ पर बिखरे कंकड़ कांटे
हम चुन दूर हटाते हैं ।

आयें कितनी भी बाधाएँ,
हम कभी नही घबराते हैं ।

धन दौलत से ऊपर उठ कर,
सपनों के महल बनाते हैं ।

हम खुशी बाँटते दुनिया को,
हम हसाते और हँसते हैं ।

सारे जग  में सबसे अच्छे ,
हम भारतीय कहलाते हैं ।



5

# ഡിജിറ്റൽ യുഗത്തിൽ വായനയുടെ പ്രസക്തി

ഇന്ന് മനുഷ്യവംശം ജീവിക്കുന്നത് മായാജാലങ്ങളുടെ ലോകത്താണ് . ഡിജിറ്റൽ യുഗത്തിലെ ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ വായനാശീലം നശിച്ചുകൊണ്ടിരിക്കുകയല്ലേ എന്ന ചോദ്യം നമ്മുടെ വീറും വാശിയും നിറഞ്ഞ ബുദ്ധിയിൽ തെളിയുന്നുണ്ടോ...? ഒന്നാലോചിച്ചാൽ നമ്മുടെ മനസ്സ് തന്നെ അത് പറയും. വായനയെന്ന അമൂല്യ സ്വത്തിനെ നമ്മൾ ഇല്ലാതാക്കിയോ..?

വായന അത് വിജ്ഞാനത്തിന്റെ അടിത്തറയാണ്.അത് നമ്മുടെ മനസ്സിനെ സാഹിത്യത്തിന്റെയും വിജ്ഞാനത്തിന്റെയും വിശാലമായ ലോകത്തിലേക്ക് നയിക്കും. അതോടൊപ്പം അത് നമ്മുടെ ജീവിതത്തെ നന്മയിലേക്ക് വഴിക്കാട്ടുകയും ചെയ്യും. വിവിധ തരത്തിലുള്ള വിഷയങ്ങളെ ആസ്പദമാക്കിയുള്ള പുസ്തകങ്ങൾ വിവിധ മേഖലകളിലുള്ള നമ്മുടെ അറിവിനെ വികസിപ്പിക്കുന്നു.ഡിജിറ്റൽ മീഡിയ 'സർവവിജ്ഞാനകോശം' ആകയാൽ പുസ്തകങ്ങളെ അറിവിനായി ആശ്രയിക്കുക യുവതലമുറയ്ക്ക് അജ്ഞതമാണ് .

പുസ്തകങ്ങളുടെ മൂല്യം മറന്ന് ഡിജിറ്റൽ യുഗത്തിൽ ജീവിക്കുന്നവർക്ക് ,അവരുടെ ജീവിതവിജയം അനായാസമാണ്;എന്നാൽ പുസ്തകങ്ങൾ വായിച്ചു, അവയിൽ നിന്ന് അറിവുനേടി, ലഭിച്ച അറിവിനെ സ്വജീവിതത്തിൽ പകർത്തുമ്പോൾ,അധ്വാനിച്ചു നേടിയ വിജയം സ്വായത്തമാകും .വായന ഡിജിറ്റലാകാതെ പുസ്തകത്തിൽ നിന്നുമാകണം.അങ്ങനെ, കേവലം വിനോദത്തിനു മാത്രമായി ഒതുങ്ങാതെ പുസ്തകങ്ങൾ,നമ്മുടെ ജീവിതത്തിൽ വലിയ മാറ്റങ്ങൾ ഉളവാക്കും.

യഥാർത്ഥ വായന എന്താണ്?എന്തിനാണ്?എന്നീ ചോദ്യങ്ങൾക്ക് ഡിജിറ്റൽ യുഗത്തിലെ യുവതലമുറയ്ക്ക് അവരുടെ ജീവിതത്തിലൂടെ ശെരിയായ ഉത്തരങ്ങൾ നല്കാൻ സാധിക്കണമെങ്കിൽ ,പുസ്തകങ്ങളെ സ്നേഹിക്കുക....

അവയുടെ മഹത്വം അറിഞ്ഞുതന്നെ ജീവിക്കുക....

ഹന്ന സജി

# ലഹരി കെണിയും കൗമാരവും

കുട്ടികൾക്കിടയിലുള്ള ലഹരി ഉപയോഗത്തെ കുറിച്ചുള്ള വാർത്തകൾ ദിവസേന വർധിച്ചുവരികയാണ്. ആകാംഷയാൽ ലഹരി പരീക്ഷിച്ചു തുടങ്ങുകയും പിന്നീട് ക്രമേണ അഡിക്ഷൻ എന്ന അവസ്ഥയിലേക്കു എത്തുകയും ചെയുന്നു . കാര്യമായ പൊതുജന ശ്രദ്ധ നേടാതെ വളരെ വേഗം വ്യാപിക്കുന്ന ആപത്താണിവ .സംസ്ഥാനത്തു ലഹരി ഉത്പന്നങ്ങളുടെ വിതരണവും പിന്നെ ഉപയോഗവും തടയാൻ എക്സൈസ് വകുപ് കർശന നടപടികൾ സ്വീകരിക്കുന്നുണ്ട് എന്ന് പറയുമ്പോഴും ലഹരി വസ്തുക്കൾ ഇവിടെ ഒഴുകുകയാണ് . മയക്കുമരുന്നുകളുടെ കേസിലും പിടികൂടിയ ഉത്പന്നങ്ങളുടെ നിരക്കിലും അടുത്തകാലത്തു വലിയ വർദ്ധനവ് ഉണ്ടായി . ലഹരി വസ്തുക്കളുടെ വിപണനത്തിനും കൈമാറ്റത്തിനും കൗമാരകരെയും യുവാക്കളെയും പലരും ഉപയോഗിക്കുന്നു .

വിദ്യാർത്ഥികളെയും യുവാക്കളെയും മയക്കുമരുന്നിലേക്കു ആകർഷിക്കുന്നതിനായി മയക്കുമരുന്നുകൾ സൗജന്യമായി വിതരണം ചെയ്യുകയാണ് ലഹരിമാഫിയയുടെ തന്ത്രം. ഒരു തവണത്തെ ഉപയോഗം കൊണ്ടുപോലും ലഹരിക്ക് അടിമപ്പെട്ട് പോകാം .മയക്കുമരുന്നുകൾ പലരൂപത്തിലും പല പേരുകളിലും ലഭ്യമാണ് . ലഹരി ഉപയോഗിക്കുന്നവരിൽ ശാരീരിക ,മാനസികവ്യത്യാസങ്ങൾ ഉണ്ടാവുകയും ഇത് പലതരം ആരോഗ്യ പ്രശ്നങ്ങളിലേക്ക് നയിക്കുകയും ചെയുന്നു .

സമപ്രായക്കാരായ കുട്ടികളുടെ നിർബന്ധം ,ആകാംക്ഷ,മനസികപ്രയാസങ്ങൾ ,കുടുംബത്തിലെ വിള്ളലുകൾ ,ഹെർബൽ ആണെന്ന മിഥ്യാധാരണ ,എന്റെ ചിന്താ ശേഷി വളരും എന്ന മിഥ്യാധാരണ തുടങ്ങിയവയാണ് കുട്ടികളെ ലഹരിയിലേക്കു അടുപ്പിക്കുന്നത് .


7

സംസ്ഥാന എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച വിമുക്തി' പദ്ധതി വ്യാപകമായി ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുണ്ട്. ആരോഗ്യവകുപ്പും ഈ കാര്യത്തിൽ സഹകരിക്കുന്നു. കുട്ടികൾ ലഹരിക്കെണിയിൽ വിഴാതെ സൂക്ഷിക്കുക എന്നത് പ്രധാനമാണ് . വീണുപോകുമ്പോൾ അവരെ വീണ്ടെടുക്കാനുള്ള ശ്രമവും ഉണ്ടാവണം . ലഹരി മാഫിയയുടെ അടിവേര് അറുക്കാൻ സർക്കാർ കർശന നിലപാടെടുക്കണം .

ഇത്തരം അവസ്ഥകളിൽ നിന്ന് കുട്ടികളെ രക്ഷിക്കാൻ രക്ഷിതാക്കൾ കുട്ടികളോട് ഏതു കാര്യവും തുറന്നു സംസാരിച്ചാൽ സാധിക്കുന്നതേയുള്ളൂ . മൂല്യങ്ങൾക്കും ബന്ധങ്ങൾക്കും പ്രാധാന്യം കൊടുക്കുന്ന വ്യക്തിത്വം കുട്ടികളിൽ വളർത്തിക്കൊണ്ട് വരാൻ ശ്രമിക്കുക . അച്ഛനും അമ്മയും ലഹരിക്ക് അടിമപ്പെടാതെ മാതൃകയാകുന്നത് കുട്ടികളുടെ ആരോഗ്യകരമായ വളർച്ചയ്ക്ക് സഹായമാകുന്നു..

**Sethulakshmi Santhosh**

# DIGNITY OF LABOUR

Manha Siyad

**'D0 WHAT YOU CAN BRING WHAT YOU ARE'**

'Man shall live by the sweat of his braw' says the bible. It is a universal fact that man has to work to earn his bread.

'DIGNITY according to 'aristotle' is not the possession of honours but the self awareness that me deserve it. Labour means any work you are use your energy in.....

Friends,how many of you desire for high salary jobs ? Students including ME and you go for jobs providing the top salary and then we realised the fact, it does not provide satisfaction.

What exactly is the dignity of labour ? Let me explain it with the help of an example. Once there was a stone cutter sitting with his two friends and cutting stone. A philosopher went to them and asked what they were doing the first replied angrily whether he couldn't see. The second one said, that he was earning his bread. The third stone cutter told him that he was building a temple. Every stone he cut would be used to build a temple there.

Dear friends, you can see that although they were doing some work, the third stone cutter had the best attitude and proper intention. There is no doubt that he will do

the best work because he considered work as WORSHIP. In the same way, we should convert whatever we do for the glory of god and the good of mankind and that exactly is the dignity of the labour. Believe me friends, a doctor who spent all his time in a hospital for patients, a student who spent all his time on books, a mother who spent all her time to take care of her baby, develops the right attitude to their labour. When work is considered as worship, the entire approach becomes different. Our mind and heart will be in the work we do. Our dedication will increase. The output will be more and certainly the reward will be greater. According to Bhagavatgita, Nirvana and Salvation is possible only through karma or work.

Every work is dignified and there is no shame attached to any work is worship. This is the reason why we say work is workship.There is dignity attached to all work as long as they are fair and honest. All greatman realized the truth and acted accordingly.Lincoln worked as a newspeper boy and as shoe shiner befor he became the president of America.The services of Mahatma Gandhi and Mother Theresa are definitely thrilling and inspiring to millions and millions.
The reason for unemployment in our country today is not the absence of job but the unwillingness of people to certain types work,to a great extent.As a,iddle and unemployed and waste their life.

Greater stress should be given on the dignity of labour.At schools,children should be taught to realize the importance of work irrespective of its nature.With doctors or engineers alone, the world will not function. It is in the mutual co-operation with doctors,enginers,journalists,teachers,drivers,cooks, farmers and people of are profession the world moves on.



# എത്ര മനോഹരം

മരങ്ങൾ തിങ്ങിയ നാടാണ്
നമ്മുടെ സ്വന്തം നാടാണ്
മലകൾ കുന്നുകൾ ഒത്തിരിയുണ്ട്
പച്ചപ്പുള്ളൊരു നാടാണ്
പൂക്കളിലെ തേൻ നുകരാൻ
തുമ്പികളൊത്തിരി അലയുന്നു
കോകില നാദം കേൾക്കാൻ
കാതോർക്കുന്ന പ്രഭാതം
എത്ര മനോഹരമാണല്ലേ
എത്ര മനോഹരമാണല്ലേ

ശ്രീ ലക്ഷ്മി ജ്നേഷ്
9 D

# സ്കൗട്ട് ആൻഡ് ഗൈഡ്

Jewel anna joby

കുട്ടികളുടെ കായികവും ബുദ്ധിപരവും സാമൂഹികവും ആത്മീയവുമായ അന്തർശക്തികളെ പൂർണ്ണമായും വികസിപ്പിച്ച് അവർ വ്യക്തികൾ എന്ന നിലക്കും ഉത്തരവാദിത്വമുള്ള പൗരന്മാർ എന്ന നിലക്കും വളർത്തി എടുക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന സംഘടനയാണ് സ്കൗട്ട് ആൻഡ് ഗൈഡ് .

ഈ സ്ക്കൂളിൽ സ്കൗട്ട് ആൻഡ് ഗൈഡിന്റെ രണ്ട് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട് . സിസ്റ്റർ. ഡോണ മരിയ ജി സി ആയിട്ടുള്ള എൺപത്തിഅഞ്ചു ഗൈഡ് കമ്പനിയും ശ്രീമതി. ലൂസിയ കെ എബ്രഹാം ജി സി ആയിട്ടുള്ള ഇരുപത്തിരണ്ട് ഗൈഡ് കമ്പനിയും . ഈ രണ്ടുയൂണിറ്റുകളിലുമായി ഏകദ്ദേശം അൻപത് കുട്ടികൾ അംഗങ്ങളാണ് . സേവനം ഞങ്ങളുടെ മുഖമുദ്ര എന്ന് ഉറക്കെ പ്രഖ്യാപിച്ചുകൊണ്ട്, സ്ക്കൂൾ പരിസരം, സ്ക്കൂൾ ഗാർഡൻ, വെജിറ്റൽ ഗാർഡൻ എന്നിവയൊക്കെ വൃത്തിയാക്കുന്നതിനും

അടുക്കളത്തോട്ടം ഉണ്ടാകുന്നതിനും
ഗൈഡ്സ് നേതൃത്വം കൊടുക്കുന്നു .
ചിൽഡ്രൻസ് ഡേയോട് അനുബന്ധിച്ച്
സീനിയർ ഗൈഡ്സ് ഇൻഫന്റ് ജീസസ്
സ്ക്കൂളിന്റെ കെ ജി സെക്ഷൻ
സന്ദർശിക്കുകയും കുട്ടികളെ പാട്ടുകളും
കളികളും മറ്റും പഠിപ്പിക്കുകയും സ്വീറ്റ്സ്
വിതരണം ചെയുകയും ചെയ്തു . കുട്ടികൾക്ക്
ഇത് പുതിയൊരു
അനുഭവമായിരുന്നു .

ഈ വർഷം രാജ്യപുരസ്കാർ
ടെസ്റ്റ് എഴുതിയ പതിനഞ്ചു കുട്ടികളും പാസ്
ആവുകയും രാജ്യപുരസ്കാർ അവാർഡ്
കരസ്ഥമാക്കുകയും ചെയ്തു എന്നത് ഇവരുടെ
പ്രവർത്തനത്തിന് മറ്റു കൂട്ടുന്നു .



# SPC

Rupasree P.R

സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന്റെയും ആഭ്യന്തര വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ, വിദ്യാർത്ഥികളിൽ അച്ചടക്കം, നേതൃപാടവം, സഹായമനസ്കത തുടങ്ങിയ സാമൂഹിക ഗുണങ്ങൾ വളർത്തുന്നതിനായി 2010 ആഗസ്റ്റ് 2-ാം തീയതി ആരംഭിച്ച പദ്ധതിയാണ് STUDENT'S POLICE CADET Project.

ശ്രീമതി നിശാന്തിനി. എസ്. IPSന്റെ നേതൃത്വത്തിൽ ഊർജ്ജസ്വലതയോടെ പ്രവർത്തിക്ക് നേതൃത്വം നൽകുന്നത് DNOശ്രീ.ജോൺ സി. യും ADNO ശ്രീ.ജയകുമാറുമാണ്. സ്കൂൾ തല പ്രവർത്തനങ്ങളിൽ സഹകരിക്കുന്നത് കാഞ്ഞിരപ്പള്ളി സ്റ്റേഷനിലെ CPO മാരായ ശ്രീ. സതീഷ് ആർ. ഉം ശ്രീമതി കൃപാ എം.ജെ.യുമാണ്.

2023-24 അക്കാദമിക വർഷത്തിൽ SPC ദിനം, ഓണം ക്യാമ്പ് എന്നിവ വിപുലമായ രീതിയിൽ നടത്തി. SPC കേഡറ്റുകൾ സ്കൂളിൽ നടത്തുന്ന വിവിധ പ്രവർത്തനങ്ങളിൽ വോളണ്ടിയർമാരായി സേവനം ചെയ്യുന്നു. സീനിയർ ബാച്ചിൽ 46 ഉം ജൂനിയർ ബാച്ചിൽ 44 ഉം കേഡറ്റുകളാണുള്ളത്.

സീനിയർ കേഡറ്റുകളുടെ പാസ്സിങ് ഔട്ട് സെറിമണി 30-1-24 ൽ സ്കൂൾ ഗ്രൗണ്ടിൽ നടന്നു. സ്കൂൾ മാനേജർ സി. സലോമി CMC അധ്യക്ഷത വഹിച്ച ചടങ്ങിൽ ഹെഡ്മിസ്ട്രസ്സ് ശ്രീമതി മിനിമോൾ ജോസഫ് സ്വാഗതം ആശംസിക്കുകയും കാഞ്ഞിരപ്പള്ളി SI ശ്രീ ഗോപകുമാർ B മുഖ്യാതിഥിയായി സല്യൂട്ട് സ്വീകരിക്കുകയും ചെയ്തു.

സ്കൂൾ മാനേജ്മെന്റിന്റെയും സ്റ്റാഫിന്റെയും കാഞ്ഞിരപ്പള്ളി പോലീസ് സ്റ്റേഷന്റെയും പൂർണ്ണപിന്തുണയിൽ SPC പ്രവർത്തനങ്ങൾ സുഗമമായി മുന്നേറുന്നു..



# മാതൃഭാഷ പഠനത്തിന്റെ പ്രാധാന്യം

അനിക ഷിബു

മലയാള ഭാഷ ഉൾക്കൊള്ളുന്ന കേരളത്തനിമയാണ് നമ്മുടെ സംസ്കാരം . അതുകൊണ്ട് മാതൃഭാഷ പഠനത്തിന് വളരെയതികം പ്രാധാന്യമുണ്ട് .

കുട്ടി ആദ്യമായി ഉച്ചരിക്കുന്നത് അവന്റെ മാതാവിന്റെ ഭാഷയാണ്. അതിനാൽ അത് മാതൃഭാഷയെന്ന പേരിൽ അറിയപ്പെടുന്നു .മലയാളികളെ സംബന്ധിച്ചിടത്തോളം അവൻ ഏത് നാട്ടിലായാലും അവന്റെ കുട്ടികളെ ആദ്യം പറഞ്ഞു പഠിപ്പിക്കേണ്ടത് മലയാളമാണ് .ആശയ വിനിമയത്തിനുള്ള ഉപാധിയാണ് ഭാഷ. ഇതിനെ വാമൊഴിയെന്നും വരമൊഴിയെന്നും രണ്ടായി തിരിക്കാം. ഭാഷയെ കുറിച്ചുള്ള ശരിയായ പഠനത്തിലൂടെയാണ് നാം വരമൊഴി പഠിക്കുന്നത്. കുട്ടി ആദ്യമായി ഭാഷ പഠിക്കുന്നത് മാതാവിൽ നിന്നാണ്. മാതൃശിശുബന്ധത്തിന്റെ വൈകാരിക തലങ്ങളിലൊന്നാണ് മാതൃഭാഷയെന്നു പറയാം.

മാതൃഭാഷ പഠനം കേരളത്തിൽ നിർബന്ധമായിരിക്കുകയാണ് .കൂടാതെ ഭരണ ഭാഷയും മലയാളമാക്കിയിരിക്കുകയാണ് . മലയാളികളെ സംബന്ധിച്ചിടത്തോളം ഇത് അഭിമാനിക്കാവുന്ന കാര്യമാണ്. വൈകാരികമായ നമ്മുടെ വളർച്ചക്ക് മാതൃഭാഷ പഠനം ആവശ്യമാണ്.സ്വന്തം നാടിനെ കുറിച്ചും സംസ്കാരത്തെ കുറിച്ചും അറിയണമെങ്കിൽ മാതൃഭാഷ പഠിച്ചിരിക്കണം. ഇന്ന് സ്വന്തം നാടും വീടും വിട്ട് ഉപജീവനത്തിനായി അന്യനാട്ടിൽ കഴിയേണ്ടതായി വരുന്നുണ്ട്.അവിടുത്തെ സാഹചര്യമനുസരിച് അവരുടെ ഭാഷ പടിക്കുന്നതോ പറയുന്നതോ വലിയ അപരാധമൊന്നുമല്ല. പക്ഷെ അപ്പോഴും നമ്മുടെ മലയാളം മറക്കരുതെന്നേ അർഥമാക്കുന്നൊള്ളു.

നമ്മുടെ നാട്ടിൽ മലയാളം മീഡിയം, ഇംഗ്ലീഷ് മീഡിയം എന്നിങ്ങനെ രണ്ടുതലങ്ങളിൽ വിദ്യാഭ്യാസം നൽകുന്ന സ്ഥാപനങ്ങളുണ്ട്.മീഡിയം ഏതായാലും മാതൃഭാഷയെ അവഗണിച്ചുകൊണ്ടുള്ള വിദ്യാഭ്യാസം മലയാളികൾക്ക് ഭൂഷണമല്ല. നമ്മുടെ സാംസ്കാരിക പശ്ചാത്തലം മനസ്സിലാകണമെങ്കിൽ മാതൃഭാഷ പഠിച്ചിരിക്കണം.എങ്കിലേ നമുക്ക് മലയാളിയായി ജീവിക്കാനാവൂ.

പുറം നാടുകളിൽ പോയി വരുന്നവർ അവരുടെ വിദേശ ഭാഷ പ്രാവീണ്യം പ്രകടിപ്പിക്കാൻ മലയാളവുമായി ഇടകലർത്തി അന്യഭാഷ സംസാരിക്കുന്നത് കാണാം. വികലമായ ഈ രീതി ഭാഷയോട് കാണിക്കുന്ന ക്രൂരതയാണ്. മലയാളം ഇന്നൊരു സ്വതന്ത്ര ഭാഷയായി വളർന്നിരിക്കുകയാണ്.അനുപയോഗിക്കാൻ മറ്റു ഭാഷകളുടെ ആവശ്യമില്ല.വളർന്നു വരുന്ന തലമുറ ലളിത കോമളമായ സ്വന്തം മാതൃഭാഷ ശീലിക്കാൻ പ്രാപ്തരാകുമെന്ന് നമുക്ക് വിശ്വസിക്കാം.

# വീണ്ടും തനിയെ.....



എയ്മി തെരേസ് ടോണി

അവന്റെ
കണ്ണുകൾ നിർജീവമായിരുന്നു.
ജീവിതത്തിൽ എന്തൊക്കയോ നേടി
എടുത്ത് തുടങ്ങിയപ്പോളേയ്ക്കും
വീണ്ടും തനിയെ ആയിപ്പോയവന്റെ
കണ്ണുകളായിരുന്നു അത്.
അവൻ അലോക് വിശ്വനാഥൻ
ജനിച്ചപ്പോഴേ മാതാപിതാക്കൾ
ഉപേക്ഷിച്ചതിനാൽ അനാഥനായി
തീർന്നവൻ.അവൻ പഠിക്കാൻ
മിടുക്കനായിരുന്നു അതിനാൽ
തന്നെ സ്കോളർഷിപ്പോടെ തുടർ
പഠനത്തിനായി അവൻ
ഇസ്രായേലിലേക്ക് യാത്രയായി
അതീവ സന്തോഷത്തോടെ.. ഇനി
തന്റെ ജീവിതത്തിൽ
സംഭവിക്കാനിരിക്കുന്നത്
എന്താണെന്ന് അറിയാതെ........

ഇസ്രായേലിൽ എത്തി പഠനം
കാര്യക്ഷമമായി മുന്നോട്ടു
പോയിക്കൊണ്ടിരുന്നു... പഠന
ശേഷം അവൻ അവിടെ തന്നെ
ജോലിക്ക് കയറി.....

ഇടയ്ക്ക് എപ്പോഴോ ജീവിതത്തിൽ ഒരു
കൂട്ട് വേണം എന്നു
തോന്നിയപ്പോൾ ഒപ്പം കൈ
ചേർത്ത് പിടിച്ച് നടക്കാൻ
അവളുമെത്തി. അർപ്പിത മനോഹർ
അവനെ പോലെ തന്നെ ഒരു
അനാഥ.

രണ്ടാം വിവാഹവാർഷികത്തിനു
അവർക്കു കൂട്ടായി
ഒരാളുകൂടിയെത്തി അലംകൃത
അലോക് എന്ന കീത്തു...

കാലം ആർക്കുവേണ്ടിയും കാത്തു
നിന്നില്ല അത് കടന്നു
പോയി.............................

ഇന്ന് കീത്തുവിന്റെ അഞ്ചാം
പിറന്നാളാണ്. ഇസ്രായേലിൽ
യുദ്ധം നടക്കുന്ന
സമയമായതിനാൽ രാജ്യമാകമാനം
അതീവ സുരക്ഷയാണ്.അലോക്
താമസിക്കുന്നിടത്ത് യുദ്ധ
കോലാഹലങ്ങൾ വലുതായി ഒന്നും
ഇല്ല.
കീത്തുവിന്റെ നിർബന്ധപ്രകാരം
കേക്ക് വാങ്ങാനായി
പോകുകയാണ് അലോക്....
അടുത്തുള്ള കടകൾ
അടച്ചിരുന്നതിനാൽ തന്നെ കുറച്ച
അധികം ദൂരം സഞ്ചരിച്ചാണ്
അലോക് കേക്ക് വാങ്ങിയത്.....

തിരിച്ചുള്ള യാത്രയിൽ അലോകിന്റെ
ഹൃദയം അകാരണമായി
മിടിക്കുന്നുണ്ടായിരുന്നു......
കാരണമറിയാത്ത ഒരു വിഷമം
അവനെ വന്ന് മൂടികൊണ്ടിരുന്നു.......
ഒരു നിമിഷം........ഒരു വലിയ
സ്ഫോടന ശബ്ദം..........

പിന്നെ അലോക് കണ്ണ് തുറക്കുമ്പോൾ അവൻ ആശുപത്രിയിലായിരുന്നു.

ശരീരമാകമാനം മുറിവുകൾ.....സഹിക്കാനാവാത്ത വേദന....
അവൻ ചുറ്റും നോക്കി....അപ്പോൾ ഒരു ഡോക്ടർ അവന്റെ അടുത്തെത്തി .......
"താൻ കണ്ണ് തുറന്നോ..."
"ഡോക്ടർ എനിക്ക് എന്താ പറ്റിയത് "
"അത്....."
തൻ ഊഹിച്ചതായിരിക്കരുതേ ഡോക്ടർ പറയാൻ പോകുന്നതെന്ന് അവൻ ഉള്ളുരുകി പ്രാർത്ഥിച്ചു....
"അത്...തന്നോടെങ്ങനെയാ പറയേണ്ടതെന്ന് എനിക്ക് അറിയില്ല.....താൻ താമസിച്ചിരുന്നിടത്ത് ഒരു ബോംബ് ആക്രമണം....താൻ മാത്രം എങ്ങനെയോ രക്ഷപെട്ടു....അവിടെയുള്ള ആരും എപ്പോൾ ജീവനോടെയില്ല....."
താൻ എന്ത് കേൾക്കരുതെന്ന് ആഗ്രഹിച്ചോ അത് കേട്ടു കഴിഞ്ഞപ്പോൾ അവന്റെ കണ്ണുകൾ നിർജീവമായിരുന്നു. ജീവിതത്തിൽ എന്തൊക്കയോ നേടി എടുത്ത് തുടങ്ങിയപ്പോളേയ്ക്കും വീണ്ടും തനിയെ ആയിപ്പോയവന്റെ കണ്ണുകളായിരുന്നു അത്........
"എന്തിനോ വേണ്ടി , ആരുടെയൊക്കെയോ സ്വാർത്ഥതയ്ക്ക് വേണ്ടി നടത്തുന്ന യുദ്ധങ്ങൾ എത്ര പേരുടെ ജീവിതമാണ് അനാഥമാക്കി തീർക്കുന്നത്...
ഭരണാധികാരികളുടെ സ്വാർത്ഥതയ്ക്കു വേണ്ടി നടക്കുന്ന യുദ്ധങ്ങൾ എത്ര ജന്മങ്ങളെ അനാഥമാകുന്നു?......"

അധ്യാപകൻ അത് പറഞ്ഞു അവസാനിപ്പിക്കുമ്പോൾ കുട്ടികളുടെ കണ്ണുകൾ നിറഞ്ഞ് തുളുമ്പിയിരുന്നു....




17

# നിഴൽ

എൻ നിഴൽ എന്നുമെൻ കൂടെ
പൊരിയുന്ന വെയിലിലും കത്തി-
യെരിയുന്ന സൂര്യനെതിരായി
ഞാൻ നടക്കുമ്പോൾ എന്
പിൻബലമായി ഉറ്റ സുഹൃത്തി-
തെൻ നിഴൽ കൂടെ നടക്കുന്നു

എത്ര ദൂരങ്ങൾ എത്ര നാളുകൾ
ഉണ്ടാവണം നീ അന്ത്യം വരെയും
സുഖദു:ഖത്തിലോ ഉയർച്ചതാഴ്ച്ച-
യിലോ എന്നിലേ തെറ്റുകളേ
തിരുത്തിയും കൂടെയുണ്ടാകണമെന്നും
എൻ പ്രിയ നിഴലേ... നിഴലേ നീ....

സോന കെ സജീവ്



# Mother

When the sun sets
And the earth casts
Into back; all over, the twinkling stars

More than with anyone
I love to be with my mother
She magnifies her happiness
When I'm glad
She consoles me when I'm sad

Mother she's so dear
Her mind so clear and pure
She heals the scar in my heart
She is my soul, my destiny
The paramount of my life
She is such a pleasure
God gifted treasure

Her gifts and surprises
prayers and advise;
stories and songs
Guided me long
In the journey of my life

She is my true friend
Her care and affection
Shows the deepest love
I respect you, adore you
Love you my dear mother

Hanna Sainab Rafi 9 B

## *OZONE*

*OXYGEN is seen as diatomic molecule*
*that is formed by combining two atom.*

*BUT ozone is a triatomic molecules*
*containing three atom[$o_3$]*

*OZONE is founded in the stratosphere*
*a layer of atmosphere . Atmospheric*
*oxygen is decomposed by absorbing*
*ultraviolet ray's having high energy.*
*THE oxygen atoms combine with oxygen*
*[$o_2$] molecules to formed ozone*
*[$o_3$] molecules.*

# J.R.C

Sana fathima

കാഞ്ഞിരപ്പള്ളി സെന്റ് മേരീസ് ഗേൾസ് ഹൈസ്കൂൾ ജൂണിയർ റെഡ് ക്രോസിന്റെ പ്രവർത്തനങ്ങൾ ജൂൺ മാസത്തിൽ തന്നെ ആരംഭിച്ചു. എട്ടാം ക്ലാസ്സിലെ കുട്ടികളിൽനിന്നു സെലക്ഷൻ ടെസ്റ്റിലൂടെ മുപ്പത് എ ലെവൽ കേഡറ്റുകളെ തെരെഞ്ഞെടുത്തു. എട്ട് ,ഓന്പത്, പത്ത് ക്ലാസ്സുകളിലായി തൊണ്ണൂറ്റിനാല് കുട്ടികൾ ഇതിൽ അംഗങ്ങളായി പ്രവർത്തിക്കുന്നു. എല്ലാ ബുധനാഴ്ച കൂടാതെ സ്കൂളിൽ നടക്കുന്ന പ്രത്യേക പരിപാടികളിലും ജെ ആർ സി കേഡറ്റുകൾ യൂണിഫോമിൽ വരുന്നു.

സബ്ജില്ലാതല ജീൻ ഹെൻട്രി ഡ്യൂണന്റ് സ്മാരക ക്വിസ് മത്സരത്തിൽ ബി ലെവൽ കേഡറ്റുകളായ വൈഗ രാജേഷ്, ഷിഫ അഫ്സൽ ടീം മൂന്നാം സ്ഥാനം നേടി. ഒൻപതാം ക്ലാസ്സിലെ ജെ ആർ സി കേഡറ്റുകൾക്കുവേണ്ടി ഒരു സെമിനാർ സംഘടിപ്പിക്കുകയുണ്ടായി. പ്രഥമശുശ്രൂഷ, ലഹരി വിരുദ്ധ ബോധം, റെഡ് ക്രോസ്സ് ചരിത്രം എന്നീ വിഷയങ്ങളെ അടിസ്ഥാമാക്കിയുള്ള ക്ലാസ്സുകളാണ് നടന്നത്. എ ബി സി ലെവൽ പരീക്ഷകൾക്കു വേണ്ടി പരിശീലനം നൽകുകയും മികച്ച വിജയം നേടാൻ കുട്ടികൾക്ക് സാധിക്കുകയും ചെയ്തു സി ലെവൽ പരീക്ഷയിലൂടെ പത്താം ക്ലാസ്സിലെ മുപ്പത്തിനാല് കുട്ടികൾ ഗ്രേസ് മാർക്കിന് അർഹരായി .



# രുദ്രാഗ്നി

എയ്മി തെരേസ് ടോണി

" മികച്ച പിന്നണിഗായിക ' രുദ്രാഗ്നി ശിവപാർവതി "അതു കേൾക്കെ അവളുടെ ഹൃദയം ഒരു നിമിഷം നിശ്ചലമായതുപോലെ തോന്നി .സമ്മാനം ഏറ്റുവാങ്ങാനായി വേദിയിലേക്ക് കയറുമ്പോൾ അവൾ തന്റെ ഭൂതകാലത്തേയ്ക്ക് സഞ്ചരിക്കുകയായിരുന്നു

അവൾ രുദ്രാഗ്നി ശിവപാർവതി ഓട്ടോ ഡ്രൈവറായിരുന്ന ശിവന്റെയും വീട്ടമ്മയായ പാർവതിയുടെയും മൂത്തമകൾ.രുദ്രാഗ്നി എന്ന രുദ്രയുടെ താഴെ രണ്ട് ഇരട്ട പെൺകുട്ടികളാണ്. ആദിശക്തി ശിവപാർവതിയും ആദിത്രയ ശിവപാർവതിയും.മൂന്നു പേരും പഠനത്തിൽ മിടുക്കരായിരുന്നു .രുദ്ര നന്നായി പാടും .അച്ഛനും അമ്മയും അവൾക്ക് പൂർണ്ണ പിന്തുണ നൽകിയിരുന്നു .സന്തോഷകരമായ അവരുടെ ജീവിതത്തിലേക്ക് കരിനിഴൽ വീഴ്ത്തിയായിരുന്നു;രുദ്രയുടെ പതിനഞ്ചാം വയസ്സിൽ അവളുടെ അച്ഛന്റെ മരണം .അച്ഛന്റെ മരണത്തോടെ അനാഥയായി തീർന്ന ആ കുടുംബത്തെ പാർവതി നെഞ്ചോട് ചേർത്ത് പിടിച്ചു . പക്ഷെ വിധിയുടെ വിളയാട്ടം അവിടെ അവസാനിച്ചില്ല . കൃത്യം മൂന്നു വർഷങ്ങൾക്ക് ശേഷം 'അമ്മ പാർവതിയും വിട പറഞ്ഞപ്പോൾ രുദ്ര തകർന്നു പോയില്ല .രണ്ടു

അനിയത്തിമാർക്ക് വേണ്ടി അവൾ ജീവിച്ചു .
ഉപജീവനത്തിനായി മാന്യമായ ഏതു ജോലിയും ചെയ്യാൻ അവൾ തയാറായിരുന്നു . ജീവിതം കെട്ടിപ്പടുക്കാനുള്ള ഓട്ടപ്പാച്ചിലിനിടയിൽ എപ്പോഴോ മറന്നു പോയ സംഗീതം എന്ന സ്വപനം വീണ്ടും തളിർത്തത് മൂന്ന് മാസങ്ങൾക്കുമുമ്പാണ്..
സംഗീതത്തെ മുറുകെ പിടിച്ചപ്പോൾ സഹായഹസ്തങ്ങൾ ഏറെ ആയിരുന്നു എങ്കിലും  കറുത്ത മുഖങ്ങളുടെ എണ്ണത്തിന് കുറവുണ്ടായിരുന്നില്ല.
പക്ഷെ അവൾ തളർന്നു പോയില്ല....
മൂന്നുമാസങ്ങൾക്ക് അപ്പുറം മികച്ച പിന്നണി ഗായികയായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ അവൾ ഏറെ സന്തോഷവതിയായിരുന്നു.
"രുദ്ര...ഈ അവസരത്തിൽ എന്താണ് പറയാനുള്ളത്?..."
അവതാരികയുടെ ശബ്ദമാണ് അവളെ തിരികെ കൊണ്ടുവന്നത്.
അവൾ പറഞ്ഞു തുടങ്ങി ;"ജീവിതം എന്നത് പ്രതിസന്ധികൾ നിറഞ്ഞതാണ്. ഒരിക്കലും അതിനു മുമ്പിൽ തോറ്റുകൊടുക്കരുത്.തകർന്നുപോയി എന്നുതോന്നുന്നിടത്ത്നിന്ന് വീണ്ടും വെട്ടി പിടിച്ച് തുടങ്ങണം."

അവൾ രുദ്രയാണ് ഒപ്പം അവൾ അഗ്നിയുമാണ് ഒരിക്കലും അണയാത്ത അഗ്നി

# ഓർമ്മകൾ

ഓർമ്മകൾ നിലനിൽക്കുന്ന ഒന്ന്
എന്നും നിലനിൽക്കുന്നത്
വേദനകൾ തരാനെങ്കിലും!
ഒപ്പം നില്ക്കുന്നവ !
ഓർമ്മകൾ റോസാമുള്ളുകൾ പോലെ
നാം നിണം പൊഴിക്കാൻ ഒരുങ്ങിനിൽക്കും
കൈകൾ പോലെയും.
ഓർമ്മകൾ ആകുന്ന റോസാമുള്ളുകളെ തഴുകി
ഓർമകളിൽ നേരിയ സന്തോഷം തരുന്ന
റോസാപ്പൂവ് പറിക്കാൻ
നീട്ടുന്ന കൈകൾ പോലെ
നാമോരോരുത്തരും
നിണംപൊഴിക്കാൻ ഒരുങ്ങി നില്ക്കുന്നു
ഓർമകൾ വേദനകളെങ്കിലും
നാം അതിനെ സ്നേഹിക്കുന്നു
എന്തിന് ?
കേവലം എരിഞ്ഞുതീർന്ന
ചില ഓർമ്മകൾ
സ്മരിക്കാനാഗ്രഹിക്കുന്ന ഓർമ്മകൾ
ഒരേ സമയം കയ്പ്പും മധുരവും
നല്കാൻ സാധിക്കുന്ന ഓർമ്മകൾ
വേദനിപ്പിക്കുന്നെങ്കിലും
വീണ്ടും നുകരാൻ ചേരുന്നു
എന്തിന്?
ഈ ചോദ്യം എത്ര ഉദിച്ചാലും
എന്തെ നമ്മൾ തിരിക്കെ
തിരിഞ്ഞു ആ ഓർമകളിൽ തന്നെ
ചേരുന്നു?
ഉത്തരം പലർക്കും പലതാവട്ടെ
എന്നാൽ എനിക്ക്
ആ ഓർമ്മകൾ കേവലം
കയ്പേറിയ ഓർമ്മകൾ പോലും
സന്തോഷം നൽകുന്നവയാണ്
ആ വേദനകൾ ഞാൻ
ആഗ്രഹിക്കുന്നതാണ്
ചില ഓർമ്മകൾ എന്നിൽ ജനിച്ചെങ്കിൽ
കേവലം ഞാൻ വെറും ജീവിക്കുന്ന ജഡമാണ്.
ഓർമ്മകൾ ജീവിപ്പിക്കുന്നവയാണ്,
ജനിപ്പിക്കുന്നവയാണ്.

മെയ്ബ മഞ്ജു


സംസ്ഥാനത്ത് ഒന്നാമത്
സംസ്ഥാന തല
വാർത്താ വായന മത്സരത്തിൽ
ഒന്നാം സ്ഥാനം
വാർത്തകൾ വായിച്ചത്..
അഭിമാനം...
അഭിനന്ദനം
ഹന്ന സജി
ST.MARY'S GHS KANJIRAPALLY

# Save The Blue Planet

The Environment is the most precious gift from God to humans on this planet. World Environment day is the biggest International day for the environment. It is celebrated across the world on $5^{th}$ of june every year. World Environment Day was first started in 1974 with the theme ‘only one Earth'. World environment day comes annaully with a new theme which is assigned by the ‘Unifed nation’. For a healthy environment ,say no to plastic. Without earth we cannot imagine our life. Water is our life. All living things need water to live on the earth. Today human become very selfish .They over exploit our nature to fulfill their needs

SAVE THE EARTH
FOR
NEXT GENERATION

-SETHULAKSHMI SANTHOSH



# I'm Breathing Still now

**Irene Joseph**



I'm breathing mild
'cause I survived
I'm breathing live
'cause I'm alive
I'm breathing still now

The wars and noise
that destroys
Shout and cries
Shook my soul
I'm breathing still now

Everything around collapsed
Everyone is destroyed
I cried of madness
of my dear ones
I'm breathing still now

The one big sound
that made everyone shout
I wandered all why
wandering all the way
I'm breathing still now

I can see the dead
I can see the greed
I can see the victory
I'm breathing still now

Thank you God twice
'cause I'm alive
But I'm not thankful
'cause living here is awful
I'm breathing still now.

# ക്രോധം പരിത്യജിക്കണം

FIDHA FATHIMA K.N

സ്നേഹം പോലെ തന്നെ മനുഷ്യനെ എത്രയും പെട്ടെന്ന് സ്വാധീനിക്കുന്ന ഒരു
വികാരമാണ് ക്രോധം.
എന്നാൽ സ്നേഹത്തിന്റെ നേർവിപരീതഫലം ഉണ്ടാക്കുന്നതാണ് ക്രോധം അഥവാ
ദേഷ്യം.
ഒരു വ്യക്തിയുടെ സ്വകാര്യ ജീവിതത്തെയും
സമൂഹ ജീവിതത്തെയും
അതെങ്ങനെ നശിപ്പിക്കുന്നു എന്നതിന്
തെളിവുകൾ തേടി ഏറെയൊന്നും അലയേണ്ടതില്ല.
ദിവസവും പുറത്തിറങ്ങുന്ന വർത്തമാന പത്രങ്ങളുടെ താളുകളിലൂടെ കണ്ണോടിച്ചാൽ മതി.
എത്രയെത്ര കൊലപാതകങ്ങൾ,
അടിപിടികൾ,
തട്ടികൊണ്ട് പോകലുകൾ,
പിടിച്ചുപറിക്കലുകൾ,
പീഡനങ്ങൾ,
വഞ്ചനകൾ
ഇതെല്ലാം സംഭവിക്കുന്നതിന്റെ പിറകിലെ വികാരം മറ്റെന്താണ്?
ക്രോധം മാത്രമാണ്.
വിവേകമില്ലാത്തവന്റെ ആയുധമാണ് ക്രോധം.
അതുകൊണ്ട് ക്രോധം പരിത്യജിക്കണം.
ക്രോധം മൂലമാണ് സമൂഹം മേല്പറഞ്ഞ തരത്തിലുള്ള ദുരന്തങ്ങൾക്ക് സാക്ഷിയാകേണ്ടി
വരുന്നത്.
ഷിപ്രകോപത്താൽ അഹങ്കരിക്കുന്ന ഒരു തരം സംസ്കാരമാണ്, ഇന്ന് സമൂഹത്തെ
പ്രത്യേകിച്ച് യുവ ജനതയെ നയിക്കുന്നത്.
രാഷ്ട്രീയത്തിലും ക്യാമ്പസ് പ്രണയങ്ങളിൽ പോലും മുന്നിട്ട് നില്കുന്നത്
ക്രോധജനകമായ വിവേക ശൂന്യത തന്നെയാണ്.
സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും പാഠങ്ങൾ നാം പഠിച്ചേ  മതിയാവൂ.
ശിഥിലമായി കൊണ്ടിരിക്കുന്ന വ്യക്തിബന്ധങ്ങളും കുടുംബബന്ധങ്ങളും മാത്രമല്ല
രാജ്യബന്ധങ്ങളും ആരോഗ്യകരമായി തളിർത്തു വരണമെങ്കിൽ നാം ക്രോധത്തെ
നിയന്ത്രിക്കണം.
അതിനായി  ഇന്നത്തെ തലമുറ മാറിയേ  മതിയാവൂ.
അതിനാവണം ഇനിയുള്ള നമ്മുടെ പ്രവർത്തനങ്ങൾ....



## സെന്റ് മേരീസ് ജി എച്ച് എസ്
## കാഞ്ഞിരപ്പള്ളി

പാർലമെന്ററികാര്യ വകുപ്പ്

# യൂത്ത് പാർലമെന്റ്

സംസ്ഥാനതല മത്സരത്തിൽ

# 1-ാം സ്ഥാനം

കരസ്ഥമാക്കിയ
സെന്റ് മേരീസ് ടീമിന്

# അഭിനന്ദനങ്ങൾ



# അഭിനന്ദനങ്ങൾ

കേരള സർക്കാരിന്റെ പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ മേൽനോട്ടത്തിൽ കാഞ്ഞിരപ്പള്ളി സെന്റ് മേരീസ് ഗേൾസ് ഹൈസ്കൂളിൽ വച്ച് നടത്തപ്പെട്ട സംസ്ഥാനതല യൂത്ത് പാർലമെന്റ് മത്സരത്തിൽ ഒന്നാം സ്ഥാനം.ജനുവരി 23 തീയതി ചൊവ്വാഴ്ച രാവിലെ 10 മണിക്ക് മഹാജൂബിലി ഹാളിൽ വെച്ചാണ് മത്സരം നടത്തപ്പെട്ടത്. കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീ ബിജു പത്യാല ഉദ്ഘാടനം ചെയ്തു. ആർച്ച് പ്രീസ്റ്റ് റവ. ഫാദർ വർഗീസ് പരിന്തിരിക്കൽ അനുഗ്രഹപ്രഭാഷണം നടത്തി. പുതുതലമുറയെ വാർത്തെടുക്കുന്നതിൽ ഇത്തരം മത്സരങ്ങൾ സ്കൂളുകളിൽ സംഘടിപ്പിക്കുന്നത് അഭികാമ്യമാണ് എന്ന് തന്റെ പ്രസംഗത്തിൽ അദ്ദേഹംപറഞ്ഞു.



പാർലമെന്ററി ജനാധിപത്യ പ്രക്രിയ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നതിന് വേണ്ടിയാണ് കാഞ്ഞിരപ്പള്ളി സെന്റ് മേരീസിൽ സ്കൂൾ പാർലമെന്റ് മത്സരം നടത്തപ്പെട്ടത്.

പ്രസിഡന്റിന്റെ നയപ്രഖ്യാപന പ്രസംഗത്തോടുകൂടി ആരംഭിച്ച പാർലമെന്റിൽ പുതിയ അംഗങ്ങളുടെ സത്യപ്രതിജ്ഞ, അനുശോചന പ്രമേയം, പുതിയ മന്ത്രിമാരെ പരിചയപ്പെടുത്തൽ, ചോദ്യോത്തരവേള, ശ്രദ്ധ ക്ഷണിക്കൽ, അടിയന്തര പ്രമേയം, മന്ത്രിയുടെ പ്രസ്താവന, പേപ്പറുകൾ മേശപ്പുറത്ത് വയ്ക്കൽ, കമ്മിറ്റികളുടെ

# അഭിനന്ദനങ്ങൾ

റിപ്പോർട്ട് സമർപ്പിക്കൽ, നിയമനിർമ്മാണം തുടങ്ങിയ ബിസിനസുകൾ നടത്തപ്പെട്ടു.



ചോദ്യോത്തര വേളയിൽ വന്യജീവികളുടെ ശല്യം മൂലം ദുരിതമനുഭവിക്കുന്ന കർഷകരുടെ പ്രശ്നങ്ങളെക്കുറിച്ച് ചോദ്യങ്ങൾ ചോദിച്ച് കുമാരി ലിയ എലിസബത്ത് കർഷക ശബ്ദമായി മാറി.
ശ്രദ്ധ ക്ഷണിക്കൽ പ്രമേയത്തിലൂടെ കുമാരി ഐറിൻ ജോസഫ് മുല്ലപ്പെരിയാർ വിഷയം അവതരിപ്പിച്ചു. കേരളത്തിലെ ജനങ്ങൾക്ക് മുല്ലപ്പെരിയാർ ഉയർത്തുന്ന ഭീഷണി സഭയെ ബോധ്യപ്പെടുത്താൻ ശ്രദ്ധക്ഷണിക്കലിലൂടെ ഐറിൻ ജോസഫിന് സാധിച്ചു.
ആരോഗ്യ പ്രവർത്തകർക്ക് നേരെ ഉയർന്നുവരുന്ന ഭീഷണികളും ബുദ്ധിമുട്ടുകളും അവതരിപ്പിച്ച കുമാരി മെയ്ബ മജു ഏവരുടെയും ശ്രദ്ധ കേന്ദ്രമായി. ഡോക്ടർ വന്ദന ദാസിന്റെ മരണത്തെക്കുറിച്ച് പറഞ്ഞപ്പോൾ സഭ നിശബ്ദമായി തേങ്ങി.
സ്ത്രീകൾക്കും കുട്ടികൾക്കും നേരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങളിൽ പ്രതിപക്ഷം ആശങ്ക രേഖപ്പെടുത്തി. സമകാലീന പ്രശ്നങ്ങൾ ചോദ്യോത്തരവേളയിൽ നിറഞ്ഞു നിന്നു.



പ്രതിപക്ഷം സഭയിൽ നിന്ന് വോക്കൗട്ട് നടത്തി.

കുട്ടികൾക്കും രക്ഷിതാക്കൾക്കും പാർലമെന്റിന്റെ നേർക്കാഴ്ച ഒരുക്കിയ ഈ മത്സരത്തിൽ 50 കുട്ടികൾ പങ്കാളികളായി. കുമാരി ഹന്ന സജി സ്പീക്കറിന്റെയും, കുമാരി ജുവൽ അന്ന ജോബി പ്രധാനമന്ത്രിയുടെയും, കുമാരി എയ്മി തെരേസ് ടോണി പ്രതിപക്ഷ നേതാവിന്റെയും റോളുകൾ അവിസ്മരണീയമാക്കി. ജഡ്ജസിന്റെ മുക്തകണ്ഠ പ്രശംസയ്ക്ക് പാത്രമായ പാർലമെന്റിന് കുട്ടികളും രക്ഷിതാക്കളും കാണികളായി ഉണ്ടായിരുന്നു.



സ്കൂൾ മാനേജർ റവ. സിസ്റ്റർ സലോമി സിഎംസി, സ്കൂൾ ഹെഡ്മിസ്ട്രസ് ശ്രീമതി മിനിമോൾ ജോസഫ്, പി ടിഎ പ്രസിഡന്റ് ശ്രീ സെബാസ്റ്റ്യൻ ജോർജ് എന്നിവർ പ്രസംഗിച്ചു.യൂത്ത് പാർലമെന്റ് കോർഡിനേറ്റർ ശ്രീമതി ജാക്വിലിൻ സെബാസ്റ്റ്യൻ, സോഷ്യൽ സയൻസ് ക്ലബ് കൺവീനർ ശ്രീമതി ജാൻസി സക്കറിയാസ് എന്നിവരാണ് കുട്ടികൾക്ക് പരിശീലനം നൽകിയത്.

# അഭിനന്ദനങ്ങൾ

# കവിത

സേതു ലക്ഷ്മി സന്തോഷ്

ആകാശഗോളങ്ങൾ ഭൂമിയെ
തഴുകുമ്പോൾ .....
കണ്ണിലെ കൃഷ്ണമണിയെ പീലികൾ തഴുകും പോൽ
ജീവനും ജീവിതവും ........
എന്നെ തഴുകുന്നു
സൃഷ്ടിയുടെ മകുടമാണു മനുഷ്യനെങ്കിൽ ........
അവനെ
അവനാക്കുന്നതാണ് ജീവൻ ..........
ദൈവം
പലവിധ സമ്മാനങ്ങളാൽ സമ്പൂർണ്ണരാക്കി നമ്മേ
എങ്കിലും
അമൂല്യനിധി എന്ന സ്ഥാനം എന്നും
നിനക്കു തന്നെ
എല്ലാം അറിയാമെങ്കിലും
അജ്ഞാതമാണ് നീ എനിക്കെന്നും .............

# പീലി

വീട്ടിൽ ഒറ്റക്കിരുന്നാൽ പിന്നെ അവളുടെ മനസ്സിൽ ഓരോരോ ചിന്തകൾ കുമിഞ്ഞു കൂടാൻ തുടങ്ങും. കൂടുതലും അവളുടെ അച്ഛനെക്കുറിച്ചും അനിയനെക്കുറിച്ചുമാണ്.

അവളുടെ പതിനഞ്ചാമത്തെ വയസ്സിലാണ് അച്ഛൻ മരിക്കുന്നത്. അന്ന് അവളുടെ അനിയന് പത്ത് വയസ്സ് മാത്രമാണ് ഉണ്ടായിരുന്നത്. അച്ഛൻ മരിച്ചതോടെ അവൾ തന്നിലേക്കു മാത്രമായി ചുരുങ്ങി. എന്തുണ്ടെങ്കിലും അവൾ ആദ്യം പറഞ്ഞിരുന്നത് അച്ഛനോടാണ്. അതുകൊണ്ടുതന്നെ പിന്നീടവളൊരു മിണ്ടാപ്പൂച്ചയായി മാറിരുന്നു. സ്വന്തം അമ്മയോട് പോലും മിണ്ടാൻ മടിയായി തുടങ്ങി. അച്ഛൻ മരിച്ച് വർഷങ്ങൾക്കിപ്പുറം പീലിയുടെ അനിയനും പോയി. എന്തുചെയ്യണമെന്ന് അറിയില്ലായിരുന്നു ആ പാവത്തിന്, എല്ലാരിൽ നിന്നും മാറിനിൽക്കാനല്ലാതെ.

" നീ എന്താ ആരോടും സംസാരിക്കാത്തത്?" അമ്മ ചോദിച്ചാൽ അവൾക്ക് ഒറ്റ മറുപടി കൂടിയ ഒരു പുഞ്ചിരി, മൗനത്തോടു കൂടിയ ഒരു ചെറുപുഞ്ചിരി. ആ ചെറുചിരി കാണുമ്പോൾ തന്നെ അമ്മയുടെ മനസ്സ് ഒന്നു തണുക്കും. പക്ഷേ അവൾക്കേ അറിയൂ, അവളുടെ മനസ്സ് നീറുകയാണ്.

"കരയണം കരയണം എന്നുണ്ട്, പക്ഷേ ഞാനും കൂടി കരഞ്ഞാല്,അമ്മ..."

ഇടക്കിടെ അവൾ സ്വയം പറഞ്ഞുകൊണ്ടിരിക്കും.

ഇനി പീലിയുടെ കഥ

അവൾ തന്നെ പറയുന്നു.

എനിക്ക് അങ്ങനെ കഥയൊന്നും പറയാൻ അറിയില്ല, എങ്കിലും...

എനിക്ക് അധികം കൂട്ടുകാരൊന്നും ഇല്ലായിരുന്നു. ചിലരെയൊക്കെ കാണുമ്പോൾ അത് തന്നെയാണ് നല്ലത് എന്ന് തോന്നും. തോന്നൽ അല്ല, അതു തന്നെയാണ് നല്ലത്.

അച്ഛൻ മരിച്ചതോടെ ഞാനൊരു മിണ്ടാപ്പൂച്ചയായി മാറി എന്നത് സത്യം തന്നെയാണ് എന്നു കരുതി എനിക്ക് എന്റെ ആഗ്രഹങ്ങളെ കെട്ടിയിടാൻ കഴിയില്ലല്ലോ ...

" പെൺകുട്ടിയായാലും ആൺകുട്ടിയായാലും നമ്മുടെ മനസ്സിലെ തീ, അത് കെട്ടടങ്ങാൻ ഒരിക്കലും അനുവദിക്കരുത്, അത് കെട്ടടങ്ങിയാൽ പിന്നെ ലക്ഷ്യം എന്നത് ഉണ്ടായിട്ട് വല്ല്യ കാര്യം ഒന്നുമില്ല". അച്ഛൻ പണ്ട് പറയുമായിരുന്നു.

സത്യം തന്നെയാ അത്. പണ്ട് എനിക്കു അങ്ങനെ പ്രത്യേകിച്ച ലക്ഷ്യം ഒന്നുമില്ലായിരുന്നു. പക്ഷെ പിന്നീട് എനിക്ക് ഒരു നർത്തകി ആവണം എന്നൊരാഗ്രഹം മനസ്സിൽകയറിക്കൂടി ഇറക്കിവിടാൻ ഒക്കെ നോക്കി , പക്ഷെ നടന്നില്ല,

കുറച്ചുകഴിഞ്ഞപ്പോൾ ,എനിക്ക് മനസിലായി ഇതാണ് എന്റെ വഴി എന്ന് . എന്തിരുന്നാലും പഠിത്തം ഉഴപ്പാൻ കഴിയില്ലല്ലോ അതൊക്കെ കഴിയട്ടെ എന്ന് ഞാനും കരുതി. എന്റെ പത്താം ക്ലാസ്സിലെ എസ് എസ്എൽസി കഴിഞ്ഞ ദിവസം തന്നെയായിരുന്നു അച്ഛൻ മരിച്ചത്. അവസാനമായി അച്ഛനെ കണ്ടപ്പോൾ കരയാൻ പോലും വയ്യാത്ത അത്ര തളർന്നിരുന്നു .ശരീരവും മനസ്സും ഒരുമിച്ചു മരിച്ച അവസ്ഥ .നിന്നിടത്തു നിന്ന് കരയാൻ പോലും കഴിയാത്ത അവസ്ഥ . ഒരു തരത്തിൽ ഞാൻ വിഷാദത്തിലേക്ക് വരെ പോയതുപോലെ തോന്നി .

ചിലപ്പോൾ എന്നേക്കാൾ സങ്കടങ്ങൾ ഉള്ളവരുണ്ടാകാം. പക്ഷെ എന്റെ ജീവിതത്തിന്റെ ത്രാസിൽ എന്റെ സങ്കടങ്ങൾക്കാണ് കൂടുതൽ തൂക്കം .എന്റെ അമ്മക്ക് ഞാൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ . അതുകൊണ്ടു പഴയ പീലി ആവണം എന്ന് എനിക്ക് ആഗ്രഹം ഉണ്ടായിരുന്നു . പയ്യെ പയ്യെ ഞാനായി മാറിക്കൊണ്ടിരുന്നു . അമ്മക്ക് വേണ്ടി , എനിക്ക് വേണ്ടി , എന്റെ ആഗ്രഹങ്ങൾക്ക് വേണ്ടി , അമ്മയൊന്നു ചിരിച്ചു കാണാനുള്ള ആഗ്രഹമാണ് എന്നെ വീണ്ടും ചിരിക്കാൻ പഠിപ്പിച്ചത് .

അമ്മ ഇടക്ക് ഒന്ന് ചോദിച്ചു "നിനക്ക് ഒരു നിർത്തകി ആവണ്ടേ.........ആ നീയാണോ മുഖത്തു ഒരു ചിരി പോലും വരുത്താതെ ഇരിക്കുന്നെ " ? അത് കേട്ടപ്പോൾ ഞാനും ആലോചിച്ചു വെറുതെ ഞാനായിട്ട് എന്തിനാ എന്റെ ആഗ്രഹങ്ങൾ ഇല്ലാതാക്കുന്നെ...... ? എന്റെ ആഗ്രഹങ്ങൾ സാധിച്ചെടുക്കാൻ എനിക്കല്ലേ കഴിയൂ . അതിനു ഞാൻ തന്നെ ഇറങ്ങണ്ടേ ............

ഇടയ്ക്കും മുറയ്ക്കും അച്ഛനും അനിയനും മനസിലേക്ക് വരും വന്നിട്ട് പറയും " നീ ഒന്ന് ജയിച്ചു കാണണം , അതാണ് ഞങ്ങൾക്ക് കാണേണ്ടത് . അതുമാത്രമാണ്........." ഞാൻ പോലും അറിയാതെ കണ്ണ് നനയും ....... പക്ഷെ എല്ലാ സങ്കടങ്ങളും ഒരിടത്തേക്ക് മാറ്റിവെച്ച് ഞാൻ എനിക്ക് വേണ്ടി ഇറങ്ങും .അതെ , അങ്ങനെ ഇറങ്ങിയതുകൊണ്ടാവണം ഇന്ന് ഞാൻ എന്റെ ആഗ്രഹം സാധിച്ചു . അമ്മയുടെ കണ്ണ് നിറയുന്നത് ഞാൻ കണ്ടു , സന്തോഷം കൊണ്ടാ.... അത് സംശയമില്ല . ഇതൊക്കെ അവർ രണ്ടുപേരും കാണുന്നുണ്ടാവും .

ഇത്രേയുള്ളൂ എന്റെ കഥാ.... ഇനി എന്റെ ജീവിതത്തിൽ എന്തൊക്കെ ഉണ്ടാവും എന്നെനിക്കറിയില്ല ...... നടക്കുന്നതെല്ലാം നല്ലതാവണം എന്നുമില്ല ......... കാരണം ജീവിതം പാതി സുഖവും , പാതി ദുഃഖവും ആണല്ലോ , സുഖമായാലും ദുഃഖമായാലും അനുഭവിച്ചു തന്നെ തീർക്കും . അങ്ങനെ എല്ലായിടത്തും തോറ്റുകൊടുക്കാൻ കഴിയില്ലല്ലോ ,


Kerala State School
Athletic Meet 2023-24
Thrissur
Shika M Sobin
Sub junior Girls
600 mtrs silver medal
ST MARY'S G H S
Kanjirappally

# പറന്നകലുന്ന മലയാളി യുവത്വം

മാനവരാശിയുടെ ഉത്ഭവം മുതൽ ചരിത്രത്തിൽ കുടിയേറ്റങ്ങൾ ഉണ്ടായിട്ടുണ്ട്.പ്രകൃതി വിഭവങ്ങളുടെ അപര്യാപ്തത കൊണ്ടും അവസരങ്ങളുടെ കുറവുകൊണ്ടും പഴയകാലം മുതൽ മനുഷ്യൻ ഒരു സ്ഥലത്തു നിന്നും മറ്റൊരുസ്ഥലത്തേയ്ക്ക് കുടിയേറി പാർക്കുന്നു.

ഇന്ത്യയുടെ ഏറ്റവും വലിയ സമ്പത്തായി കരുതുന്നത് കഴിവുറ്റ ഒരു യുവ ജനതയാണ്.പക്ഷെ നമ്മുടെ പുതിയ തലമുറ ജന്മനാട് ഉപേക്ഷിച്ചു വിദേശരാജ്യങ്ങളിലേക്ക് വൻതോതിൽ കുടിയേറുന്നു.ഉദാരവത്കരണനയങ്ങൾ, നമ്മുടെ രാജ്യത്തെ സാമൂഹിക, രാഷ്ട്രീയ, സാമ്പത്തിക പ്രശ്നങ്ങൾ, ജനസംഖ്യ, ജോലി ലഭിക്കാനുള്ള താമസം, അവസരങ്ങളുടെ കുറവ് ഇവയൊക്കെ കുടിയേറ്റ തോത് വർധിപ്പിക്കുന്നു. സാമ്പത്തിക നേട്ടം ഉണ്ടാക്കാം എന്നതും പലരെയും വിദേശരാജ്യങ്ങളിലേക്ക് കുടിയേറാൻ പ്രേചോദിപ്പിക്കുന്നു.

ലോകജനസംഖ്യയിൽ 27 കോടി യുവജനത തങ്ങളുടെ ജന്മനാട് ഉപേക്ഷിച്ചു മറ്റു വിദേശരാജ്യങ്ങളിലേക്ക് ചേക്കേറുന്നതായി കണക്കാക്കപ്പെടുന്നു.ജോലി, വിദ്യാഭ്യാസം, വിവാഹം, ദാരിദ്ര്യത്തിൽ നിന്ന് രക്ഷ നേടാൻ, തങ്ങളുടെ രാജ്യത്തെ ആഭ്യന്തര പ്രശ്നങ്ങൾ,യുദ്ധങ്ങൾ,കാലാവസ്ഥാ മാറ്റങ്ങൾ ഇവയൊക്കെ യുവതലമുറയുടെ കുടിയേറ്റത്തിന് കാരണമാവുന്നു.
ഈയടുത്തകാലത്തായി കേരളത്തിലെ യുവജനങ്ങൾ കൂട്ടത്തോടെ വിദേശരാജ്യങ്ങളിലേക്ക് ചേക്കേറുന്നു.1960 കളിൽ ജോലി അന്വേഷിചു പലരും കേരളം വിട്ടു പോയി.അവരുടെ പിൻഗാമികളിൽ പലരും അവരുടെ പാത പിന്തുടർന്ന് ജനിച്ച നാടുപേക്ഷിച്ചു പോകുന്നു.

കേരളത്തിലെ ആകെ പ്രജനന നിരക്ക് 1 .8 ശതമാനമാണ്. പ്രജനന നിരക്ക് 2.1 താഴെ ആണെങ്കിൽ അതിനർത്ഥം ആ സ്ഥലത്തെ ജനസംഖ്യ കുറയുന്നു എന്നാണ്.ജോലി ചെയ്യാൻ കഴിവില്ലാതെ ഒരു കൂട്ടം ആൾക്കാർ അവിടെ കൂടി വരികയും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ആൾക്കാർ ഇവിടേയ്ക്ക് ഒഴുകിയെത്തുകയും ചെയ്യും.

കേരളത്തിലെ യുവത്വം ഒരു സാങ്കല്പിക്ക ലോകത്തിലാണ് ജീവിക്കുന്നത്. നമ്മുടെ രാജ്യത്തെ സാമൂഹിക, സാംസ്കാരിക, സാമ്പത്തിക, മതപരമായ കെട്ടുപാടുകളെ പൊട്ടിച്ചെറിയാൻ അവർ ആഗ്രഹിക്കുന്നു. അനന്ത വിഹായസ്സിൽ സ്വാതന്ത്രത്തിന്റെ കാറ്റേറ്റ് പാറി പറക്കാൻ ആഗ്രഹിക്കുന്ന യുവ തലമുറ പുറംരാജ്യങ്ങൾ തേടി പറക്കുന്നു.

കുടിയേറ്റത്തിന്റെ ദോഷവശങ്ങൾ എന്തൊക്കെയാണ്? ആയുർദൈർഖ്യം കൂടിയതും, യുവാക്കളുടെ കുടിയേറ്റവും കേരളത്തെ ഒരു വൃദ്ധരുടെ നാടാക്കി മാറ്റിയിരിക്കുന്നു. തങ്ങളുടെ നല്ല പ്രായവും സമ്പത്തും ആരോഗ്യവും മകൾക്കുവേണ്ടി ത്യാഗം ചെയ്ത് ഒരു തലമുറ ആരുംനോക്കാനില്ലാതെ ശൂന്യതയിലേക്ക് കണ്ണും നട്ടിരിക്കുന്നു.

നമ്മുടെ അധികാരികൾ ഉണർന്ന് പ്രവർത്തിക്കേണ്ട സമയം ആഗമിച്ചിരിക്കുന്നു. യുവജനതയ്ക്ക് ആവശ്യമുള്ളതൊഴിൽ അവസരങ്ങൾ നമ്മുടെ നാട്ടിൽ തന്നെ സൃഷ്ടിക്കണം. സംരംഭകത്തം പ്രോത്സാഹിപ്പിക്കണം.പഠിക്കുമ്പോൾ തന്നെ ജോലി ചെയ്യുവാനും, സമ്പാദിക്കാനും സ്വന്തം കുടുംബത്തിന് താങ്ങാകാനുമുള്ള അവസരങ്ങളുണ്ടാക്കി കൊടുത്തില്ലെങ്കിൽ കേരളം വൃദ്ധ ജനങ്ങൾ മാത്രമുള്ള നാടായി മാറും .

എയ്മി തെരേസ് ടോണി

# വിലാപം

ശ്രീലക്ഷ്മി ജിനേഷ്

മാനുഷന്മാരുടെ ദുഷ്ട പ്രവർത്തിയാൽ
വൃക്ഷങ്ങളോരോന്ന് വീണു മരിക്കുന്നു
കൂടുകൾ പോവതായി കുഞ്ഞിക്കിളികൾ
പ്രാണനും പോകുന്നു എന്തെന്തുകഷ്ടമേ
ജീവജാലങ്ങൾ തൻ കൂട്ടനിലവിളി
കർണ കഠോരമായി ആർത്തുലന്നീടുന്നു.
ജീവവായു തരും ജീവനെത്തന്നെയും
മണ്ണോട് മണ്ണിലായി കൊന്നുവീഴ്ത്തിടുന്നു
ഫാക്ടറി തുപ്പും മാലിന്യമേറ്റു
മത്സ്യപരമ്പര ആകെയും തീരുന്നു
മദ്യം വിഷമാണെന്നറിയാമെങ്കിലും
മദ്യമില്ലാത്തൊരാഘോഷവുമില്ലല്ലോ
ലഹരി വസ്തുക്കൾ തൻ പിടിയിലാക്കപ്പെട്ട
ബാല്യ കൗമാരങ്ങൾ ഭ്രാന്തരായലയുന്നു
ക്രൂര വിനോദങ്ങൾ എല്ലാമുപേക്ഷിച്ചു
സ്നേഹം വിതയ്ക്കുവാൻ പ്രാപ്തരായ്ത്തീടണം
അന്യനുതകുന്ന നന്മകൾ ചെയ്യണം
വാക്കാൽ പ്രവർത്തിയാൽ നല്ലവരാകണം
നല്ല ചങ്ങാത്തങ്ങൾ എന്നും തുടരണം .

# പ്രകൃതി

കഥ

ഒരിക്കൽ രാമു എന്ന് പേരുള്ള ഒരാൾ ഒരു പട്ടണത്തിൽ താമസിച്ചിരുന്നു. രാമുവിന്റെ വീടിന്റെ പുറകിൽ നല്ല ഒരു തോട്ടമുണ്ടായിരുന്നു. ആ തോട്ടത്തിൽ കുറെ ചെടികളും പൂക്കളും ഒരു വലിയ ആപ്പിൾ മരവുമുണ്ടായിരുന്നു. രാമുവിന്റെ കുട്ടികാലത്ത് അവൻ ആ മരത്തിന്റെ അരികിൽ നിന്ന് കളിച്ചിരുന്നു. അവന് വിശക്കുമ്പോൾ സ്വാദുള്ള ആപ്പിൾ കഴിച്ചിരുന്നു. കാലം മാറിയപ്പോൾ ആപ്പിൾ മരം വല്ലാതെ പ്രായം ചെന്നിരുന്നു. രാമുവും വളർന്നിരിന്നു. അങ്ങനെ ആപ്പിൾ മരത്തിൽ കുറെ പഴങ്ങൾ നിറഞ്ഞുനിന്നു. പക്ഷേ രാമുവിന്റെ മനസ്സിൽ ആ ആപ്പിൾ മരം വെട്ടണം എന്ന ചിന്തയായിരുന്നു. ഈ മരം വെച്ച് അവന്റെ മുറിയിൽ ഒരു കട്ടിൽ പണിയാൻ അവൻ തീരുമാനിച്ചു. ആ മരം അവന് ഒരുപാട് ഓർമ്മകൾ നൽകിയിരുന്നു. അവനതൊന്നും ഓർക്കാതെ ആ മരം മുറിക്കുവാൻ തീരുമാനിച്ചു. ആ മരം അനേകം ജീവികൾക്ക് താമസിക്കാൻ ഒരിടമായിരുന്നു. എല്ലാ മൃഗങ്ങളും അവന്റെ മരത്തിൽ വന്ന് വിശ്രമിച്ചു. രാമു മരം മുറിക്കാൻ തുടങ്ങിയപ്പോൾ എല്ലാ ജീവികളും രാമുവിന്റെ ചുറ്റും നിന്നു.

അവർ അവനെ പറഞ്ഞ് പിന്തിരിപ്പിക്കാൻ ശ്രമിച്ചു. എന്നാൽ രാമു അതൊന്നും ശ്രദ്ധിക്കാതെ തന്റെ നിലപാടിൽ ഉറച്ചുനിന്നു. കുറച്ചുകഴിഞ്ഞപ്പോൾ രാമു ആ മരത്തിൽ ഒരു വലിയ തേനിച്ച കൂട് കണ്ടു. അവൻ അതിൽ നിന്ന് ഒരല്പം തേൻ എടുത്ത് രുചിച്ചുനോക്കി. അവൻ പണ്ട് കുട്ടികാലത്ത് കഴിച്ച തേനിന്റെ അതെ മധുരവും സ്വാദും. ഇത് കണ്ടുനിന്ന തേനിച്ചകൾ അവനോട് പറഞ്ഞു : "ഈ മരം നീ മുറിക്കരുത് നിനക്കു ഞങ്ങൾ തേൻ നൽകാം ". അപ്പോൾ അണ്ണാൻ പറഞ്ഞു : ഞങ്ങൾ നിനക്കു ധാന്യങ്ങൾ നൽകാം ". പക്ഷികൾ പറഞ്ഞു : നിനക്കു ഞങ്ങൾ നല്ല മധുരഗാനങ്ങൾ പാടി തരാം". ഇത് കേട്ട രാമു ഞാൻ മരം മുറിക്കാൻ എടുത്ത തീരുമാനം താൻ മാറ്റി വെച്ച് ആ മരം സംരക്ഷിക്കാൻ തീരുമാനിച്ചു .

Ann maria Shibu

9C



41

# ദി കിഡ്
## ചാർളി ചാപ്ലിൻ

1920 ൽ പുറത്തിറങ്ങിയ ഒരു അമേരിക്കൻ നിശബ്ദ കോമഡി നാടക ചിത്രമാണ് "ദി കിഡ് "- ചാർളി ചാപ്ലിൻ എഴുതി നിർമ്മിക്കുകയും സംവിധാനം ചെയ്യുകയും അഭിനയിക്കുകയും ചെയ്തു.ഒരു സംവിധായകൻ എന്ന നിലയിൽ ചാർളി ചാപ്ലിന്റെ ആദ്യത്തെ മുഴുനീള ചിത്രമായിരുന്നു ഇത്.

അവിവാഹിതയായ ഒരു സ്ത്രീ തന്റെ കുഞ്ഞിനെ ഒരു ആഡംബര മാളികയുടെ പുറത്ത് നിർത്തിയിട്ടിരുന്ന കാറിൽ ഉപേക്ഷിക്കുന്നു.കൂടെ ഒരു കത്തും കുഞ്ഞിനോടൊപ്പം വയ്ക്കുന്നു. കാറിന്റെ ഉടമസ്ഥൻ തന്റെ കുഞ്ഞിനെ നോക്കുമെന്ന് അമ്മ പ്രതീക്ഷിക്കുന്നു. പകരം ആ കാർ മോഷ്ടിക്കപെടുന്നു. കാറിൽ മോഷ്ടാക്കൾ പരിഭ്രാന്തിയിലാകുകയും കുഞ്ഞിനെ ഇടവഴിയിൽ ഉപേക്ഷിക്കുകയും ചെയ്യുന്നു. അത്തുവഴി വന്ന ട്രാംമ്പ് (ചാർളി ചാപ്ലിൻ) അവനെ എടുത്ത് വളർത്തി.അവന് ജോൺ എന്ന് പേരും നൽകി.

ജോണും ട്രാംമ്പും ആ ചെറിയ കുടിലിൽ സന്തോഷത്തോടെ ജീവിച്ചു പോന്നു.ഇപ്പോൾ ജോൺ അല്പം വലുതായിരിക്കുന്നു.വലിയ കുസൃതികാരനായിരുന്നു അവൻ. കുസൃതി കാട്ടി ഓരോ പ്രശ്നങ്ങളിൽ ചെന്ന് അവൻ പെടും. പിന്നീട് ട്രാംബാണ് ഇത് പരിഹരിക്കുന്നത്.കുഞ്ഞിനെ ഉപേക്ഷിച്ച ശേഷം അമ്മ വളരെ സങ്കടത്തിലാണ്. തന്നെ ഉപേക്ഷിക്കേണ്ടി വന്നതിന് കാരണം തന്റെ സാഹചര്യമായിരുന്നു.കുറ്റബോധം തോന്നി അമ്മ തന്റെ കുഞ്ഞിന് വേണ്ടി തിരച്ചിൽ തുടങ്ങി.ഒരു ദിവസം ജോണിനെ അമ്മ കാണുന്നു.അവനെ കൊഞ്ചിക്കുകയും ലാളിക്കുകയും ചെയ്യുന്നു. ഒടുവിൽ അമ്മ കുഞ്ഞിനെ തിരിച്ചറിയുന്നു.ട്രാംമ്പ് കുഞ്ഞിനെ കൈമാറുന്നു.ശേഷം എല്ലാവരും സന്തോഷമായി ഇരിക്കുന്നത് കാണിച്ചു ഈ സിനിമ അവസാനിക്കുന്നു.

ചാർളി ചാപ്ലിന്റെ സിനിമ ആദ്യമായി കാണുകയാണ്.വളരെ നല്ല സിനിമയായിരുന്നു.നിശബ്ദ സിനിമയാണെങ്കിലും ഹാസ്യത്തിന് കുറവ് ഒന്നും ഇല്ലായിരുന്നു.ഒരു മടുപ്പും തോന്നിയില്ല. ജോണിന്റെ കുസൃതികൾ വളരെ തമാശയായിരുന്നു.ഒരു അച്ഛൻ മകൻ ബന്ധമാണ് ജോണും ട്രാംബും തമ്മിൽ ഉണ്ടായിരുന്നത്.ഇതിൽ ട്രാംബിന്റെ വലിയ മനസാണ് എടുത്തുകാട്ടുന്നത്. സ്വന്തം സങ്കടങ്ങൾ മറന്ന് മറ്റുള്ളവരെ ചിരിപ്പിക്കുകയാണ് ഈ സിനിമയിലൂടെ ചാർളി ചാപ്ലിൻ.എന്തായാലും ഈ സിനിമ ഞാൻ മറക്കില്ല. അത് പോലെ വളരെ ഹൃദയഹാരിയായ സിനിമ കൂടിയാണ് "ദി കിഡ്".

മെയ്ബ മജു

# ഞാൻ ലഹരിയല്ല നാശമാണ്

ഞാൻ വിടരുന്ന പൂമൊട്ട്
വിടരാതെ കൊഴിഞ്ഞത് കണ്ടു ...........
ഞാൻ ഉജ്ജ്വല തീനാളം,...........
ആളാതെ കെട്ടതു കണ്ടു
ഞാൻ ലഹരിയല്ല നാശമാണ് .

ഞാൻ വാത്സല്യനിധിയായ
അമ്മയുടെ കണ്ണീർ കണ്ടു............ .
ഞാൻ സ്നേഹവാനായ
അച്ഛന്റെ സങ്കടം കണ്ടു.......
ഞാൻ ലഹരിയല്ല നാശമാണ് .

ഞാൻ ഒരു പുതുമണവാട്ടി
വിധവയായത്  കണ്ടു.......
ഞാൻ ഒരു കുട്ടി
അനാഥയായത് കണ്ടു...........
ഞാൻ ലഹരിയല്ല നാശമാണ്

ഞാൻ കുടുംബ ബന്ധങ്ങൾ
ആടിയുലയുന്നത് കണ്ടു.............
ഞാൻ യുവ തലമുറയുടെ
നാശം കണ്ടു.............
ഞാൻ ലഹരിയല്ല നാശമാണ്

എയ്ഞ്ചൽ  മേരി  ജോഷ്വ X D



43

# ഞങ്ങളുടെ സ്ക്കൂൾ വാർഷികം

എയ്മി തെരേസ് ടോണി

ഒരു സമൂഹത്തിന്റെ മുഴുവൻ പുരോഗതി ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ,വിദ്യയാകുന്ന അമൃത് കുഞ്ഞുങ്ങളുടെ നാവിലെ തൊട്ട് കൊടുക്കുന്ന ഒരു സ്ഥാപനമാണ് വിദ്യാലയം.പേര് പോലെ തന്നെ വിദ്യയുടെ ആലയമാണത്.ആ വിദ്യാലയത്തിന്റെ  ഒരു വർഷകാലത്തെ പ്രവർത്തനങ്ങളുടെ ആകെ തുക അതാണ് സ്ക്കൂൾ വാർഷികം.മതമൈത്രിയുടെ ഈറ്റില്ലമായ കാഞ്ഞിരപ്പള്ളിയുടെ ഹൃദയത്തിൽ സ്ഥിതി ചെയ്യുന്ന പെൺപള്ളിക്കൂടമായ സെന്റ്.മേരീസ് ഗേൾസ് ഹൈ സ്ക്കൂൾ കാഞ്ഞിരപ്പള്ളിയുടെ തൊണ്ണൂറ്റി മൂന്നാമത് സ്ക്കൂൾ വാർഷികം വിദ്യാലയാങ്കണത്തിൽ ജനുവരി 18,19 തീയതികളിൽ അരങ്ങേറി..
നയനങ്ങൾക് കുളിർ കാഴ്ചയേകി രംഗപൂജയോടെ ആരംഭിച്ച വാർഷികത്തിന് സ്ക്കൂൾ വാർഷിക റിപ്പോർട്ട് കൂടുതൽ ഉണർവേകി.ഈ വർഷം ഈ വിദ്യാലയത്തിൽ നിന്നും തങ്ങളുടെ കർമണ്ഡലത്തിൽ നിന്നും വിരമിക്കുന്ന ഞങ്ങളുടെ പ്രിയപ്പെട്ട അധ്യാപകരായ മിനി ടീച്ചർ,ഷൈനി ടീച്ചർ,ഡോണ സിസ്റ്റർ എന്നിവരുടെ സാന്നിധ്യം ചടങ്ങിനെ കൂടുതൽ മനോഹരമാക്കി..സ്ക്കൂൾ മാനേജർ സിസ്റ്റർ സലോമി അധ്യക്ഷയായിരുന്ന യോഗത്തിൽ കോർപറേറ്റ് മാനേജർ റവ.ഫാ.ഡൊമിനിക് അയലൂപ്പറമ്പിൽ ഉത്ഘാടനം നിർവഹിച്ചു.തുടർന്നുണ്ടായ ആശംസാ പ്രസംഗങ്ങളിലെല്ലാം മിനി ടീച്ചറിനും ഷൈനി ടീച്ചറിനും ഡോണാ സിസ്റ്ററിനും ആശംസകൾ നേർന്നപ്പോൾ ടീച്ചർമാരുടെ അർത്ഥവത്തായ ആശംസാഗാനം വിരമിക്കുന്ന അധ്യാപകരുടെയും കാണികളുടേയും മനസ്സ് പിടിച്ചടക്കാൻ കഴിയുന്ന തരത്തിലുള്ളതായിരുന്നു.

ഒന്നാം ദിവസത്തെക്കാൾ വർണ്ണപൊലിമയുള്ളതായിരുന്നു രണ്ടാം ദിനം കുട്ടികളുടെ കഴിവുകളാൽ ദൃശ്യ വിസ്മയം തകർത്ത ആ ദിനത്തിൽ അഞ്ചു മുതൽ ഒൻപതു വരെയുള്ള ക്ളാസുകളിലെ കുട്ടികളുടെ മനോഹരമായ പ്രകടനങ്ങൾ ആ ദിനത്തെ അവിസ്മരണീയമാക്കി.മനം നിറച്ച ആ ദിനത്തിൽ മനസ്സുതുറന്ന് ചിരിക്കാനും ആഘോഷിക്കാനും അവിടെ സന്നിഹിതരായിരുന്ന എല്ലാ കുട്ടികൾക്കും സാധിച്ചു എന്നതിൽ സംശയമില്ല.ഓരോ ക്ലാസ്സിലെയും കുട്ടികളുടെ പ്രകടനങ്ങളിൽ ഓരോന്നിനും അതിന്റേതായ പ്രത്യേകതകൾ നിറഞ്ഞു നിന്നിരുന്നു....
എന്തുകൊണ്ടും ഹൃദയത്തിന്റെ അകത്തട്ടിൽ ഓർമ്മകളുടെ കൂടാരത്തിൽ മറക്കാനാവാത്ത ഒരു ഓർമ്മയായി ഈ രണ്ടു ദിനങ്ങൾ മാറി എന്നതിൽ സംശയമില്ല.


ST. MARY'S HIGHER SECONDARY SCHOOL
KANJIRAPPALLY.






ST. MARY'S HIGHER SECONDARY SCHOOL
KANJIRAPPALLY.

# मेरी माँ



माँ बहुत प्यारी है।
तुमसे ही शुरू माँ
तुमसे ही खतम
ज़िंदगी की हर कदम
तुमसे हे।
तुमसे ही मुझे चलना
वो ज़िंदगी जो तुमने दिया है।
मेरी माँ मेरी जीवन है।

Malavika Santhosh 9D

You have to dream before your dreams can come true -APJ Abdul Kalam

Man needs his difficuties because they are necessary to enjoy success -APJ Abdul Kalam

Books are as useful to a stupid person as a mirror is useful to a blind person. -Chanakya

Live as if you were to die tommorrow.Learn as if you were to live forever. -Gandhiji

You can’t shake hands with a clenched first. -Indira Gandhi

When people throw stones at you, you turn them into milestones. -Sachin Tendulkar

You are enough just as you are. - Meghan Markle

We cannot do great things.Only small things with great love. - Mother Theresa

Look deep into nature and then you will understand everything better. -Albert Einstein

Think before you speak.Read before you think. - Fran Lebowitz

Keep your face always toward the sunshine and shadows will fall behind you. - Walt Whitman

Be yourself;Everyone else is already taken. - Oscar Wilde

Be the change that you wish to see in the world. - Mahatma Gandhi

The way to get started is to quit talking and begin doing. - Walt Disney

The future belongs to those who believe in the beauty of their dream. -Eleanor Roosewell

You will face many defeats in life but never let yourself be defeated. -Maya Angelou

Only a life lived for others is a life worthwhile. - Albert Einstein

The purpose of our lives is to be happy. - Dalai Lama

HANNA SAJI



47

# MY DESTINY

*I perched on a branchless tree*
*That swayed in the warm breeze*
*Nowhere to fly.I gazed aimless....*

*At the setting sheering sun*
*with a heavy load of regrets*
*And remose over my wings.*

*I flew away to choose my way.*
*Hope sustained me amidst*
*The flood of sorrows and*
*Drought of cheers and smiles*

*I sighed and looked around*
*The fascinating colours of nature*
*The captivating view of butterflies*
*The chirping of crickets,all cherished*
*the REMINISCIENCE of my past*

*It is my call,i pulled myself*
*Together and soared like a phoenix*
*Above the crimon horizon....*
*YOU ONLY LIVE ONCE !*

# മഴ

സന്ന സാജൻ

കോരിച്ചൊഴിയുന്ന മഴ തൻ

നാദം കാതോർത്തിരുന്നു ഞാൻ

എൻ ജാലകപ്പടിക്കരികിലായി

അവൾ തൻ മൂകവും രൗദ്രവും

സൗമ്യതതൻ ഭാവവും മിന്നി

മറഞ്ഞു എൻ മിഴികളിൽ

ഒരു കുളിരായി വേദനയായി

ആനന്ദത്തിൽ അനുഭൂതിയായി

നീ വന്നെൻ ആത്മാവിനെ

തലോടി ...........


49

ST. MARY'S G.H.S, KANJIRAPPALLY X A 2023 - 2024



ST. MARY'S G.H.S, KANJIRAPPALLY X B 2023 - 2024



ST. MARY'S G.H.S, KANJIRAPPALLY X C 2023 - 2024



ST. MARY'S G.H.S, KANJIRAPPALLY XD 2023 - 2024



ST. MARY'S G.H.S, KANJIRAPPALLY XE 2023 - 2024



# നന്ദി

നന്ദി....

ഈ മാഗസിൻ യാഥാർത്ഥ്യമാക്കാൻ സഹായിച്ച

ഏവർക്കും ....

ഇതിനു വേണ്ട സഹായസഹകരണങ്ങൾ നൽകിയ

ഹെഡ് മിസ്ട്രസ് മിനിമോൾ ടീച്ചർ .......

മാർഗനിർദേശങ്ങൾ നൽകിയ

അദ്ധ്യാപകരായ ലിസ സിസ്റ്റർ, സനു ടീച്ചർ

മറ്റു അധ്യാപകർ, അനദ്ധ്യാപകർ...

രചനകൾ തയാറാക്കിയ കുട്ടികൾ...

ലിറ്റിൽ  കൈറ്റ്സ് അംഗങ്ങൾ.....

പ്രത്യക്ഷമായും പരോക്ഷമായും ഈ മാഗസിന്റെ നിർമാണ

ഘട്ടത്തിൽ സഹായിച്ച ഏവർക്കും.....

എല്ലാറ്റിനും ഉപരി

സർവേശ്വരനും നന്ദി .....


52

# ഉപസംഹാരം

നീണ്ട സമയത്തെ
അദ്ധ്വാനങ്ങൾക്ക് ഒടുവിൽ
നിങ്ങളുടെ മുമ്പിൽ എത്തിചേർന്നിരിക്കുന്ന
'പെൺമൊഴി'
എന്ന ഡിജിറ്റൽ മാഗസിന് പിന്നിലെ
അദ്ധ്വാനമേറെയാണ്.
ഈ പെൺപള്ളിക്കൂടത്തിലെ
സമർഥരായ വിദ്യാർത്ഥിനികളുടെ
രചനകൾ ഉൾകൊള്ളുന്ന ഈ മാഗസിന്
വേണ്ടി പ്രയത്നിച്ച എല്ലാവരുടെയും
സംഭാവനകൾ സ്തുത്യർഹമാണ്.
ദിനരാത്രങ്ങൾ ഇതിനായി മാറ്റിവെച്ച
അധ്യാപകരുടെയും സഹപാഠികളുടെയും
നിരന്തര പ്രയത്ന ഫലമാണ് ഈ മാഗസിൻ.
ഇതിന്റെ നിർമാണത്തിലൂടെ
കടന്ന് പോയതിലൂടെ
നൂതനാശയങ്ങളുടെ തിരിവെട്ടങ്ങൾ
ഞങ്ങളുടെ ഉള്ളിൽ തെളിക്കാനും കഴിഞ്ഞു.
സൗഹൃദങ്ങളുടെ പുതുവസന്തങ്ങൾ തീർക്കാനും,
അറിവിന്റെ നവഉദ്യാനങ്ങൾ നിർമിക്കാനും,
ഈ മാഗസിന്റെ
നിർമാണ പ്രവർത്തനങ്ങളിലൂടെ സാധിച്ചു.
അറിവിന്റെ അക്ഷരവെളിച്ചങ്ങൾ
തെളിഞ്ഞ് നിൽക്കുന്ന
ഈ മാഗസിൻ
ഏവർക്കും ഇഷ്ടമാകുമെന്ന
ശുഭാപ്തിവിശ്വാസത്തോടെ
ഉപസംഹരിക്കുന്നു......

